# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

<u>www.ksad.kerala.gov.in</u>

## തൃപ്രങ്ങോട്ടൂർ ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

**2020-2021**

**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്**

**ജില്ലാ ഓഡിറ്റ് കാര്യാലയം**

**കണ്ണൂർ**

**670001**

**ഇ-മെയിൽ: doknr.ksad@kerala.gov.in**

**ഫോൺ : 0497-2707698**

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ട് സഹിതം)

നമ്പർ: കെ.എസ്.എ/കെ.എൻ.ആർ /സി 8/1356/21

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കണ്ണൂർ
670001
തീയ്യതി: 18/12/2021
ഇ-മെയിൽ: doknr.ksad@kerala.gov.in
ഫോൺ: 0497-2707698

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
തൃപ്രങ്ങോട്ടൂർ ഗ്രാമപഞ്ചായത്ത്

സർ,

**വിഷയം : തൃപ്രങ്ങോട്ടൂർ ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.**

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം തൃപ്രങ്ങോട്ടൂർ ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കണ്ണൂർ.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ/കെ.എൻ.ആർ /സി 8/1356/21 തീയ്യതി: 18/12/2021

## കണ്ണൂർ ജില്ലയിലെ തൃപ്രങ്ങോട്ടൂർ ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(**1994** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് **13 , 1996** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം **18, (1994** ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് **215(4))** എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കണ്ണൂർ ജില്ലയിലെ തൃപ്രങ്ങോട്ടൂർ ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 12-02-2020 മുതൽ 07-11-2021 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 30 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 22 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

**ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:**

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ.സാബു.പി.എസ് | ഡെപ്യൂട്ടി ഡയറക്ടർ | 08-11-2021 | 25-11-2021 |

**ഓഡിറ്റിന് വിനിയോഗിച്ച സമയം :**

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 08-11-2021 | 25-11-2021 |

**ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:**

ശ്രീമതി.ലതവാണി.എൻ.എൻ -ഓഡിറ്റ് ഓഫീസർ (ഹ ഗ്രേ)

ശ്രീമതി.സുമതി.ടി.ഒ -സീനിയർ ഗ്രേഡ് ഓഡിറ്റർ

ശ്രീമതി.ശ്രീജ.കെ -സീനിയർ ഗ്രേഡ് ഓഡിറ്റർ

ശ്രീ.പ്രത്യൂഷ.എ)സ -ഓഡ ിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ.സുരേഷ്ബാബു.കെ | പ്രസിഡന്റ് | 01-04-2020 | 11-11-2020 |
| ശ്രീമതി.നസീമ ചാമാളിയതിൽ | പ്രസിഡന്റ് | 30-12-2020 | 31-03-2021 |
| ശ്രീ.ടി.എം.ഉണ്ണികൃഷ്ണൻ | സെക്രട്ടറി | 01-04-2020 | 22-06-2020 |
| ശ്രീമതി.നിഷ അച്ചുതൻ | സെക്രട്ടറി | 23-06-2020 | 05-03-2021 |
| ശ്രീ.എം.എ).മോഹനൻ | സെക്രട്ടറി-ഇൻ-ചാർജ്ജ് | 06-03-2021 | 10-03-2021 |
| ശ്രീ.മുസ്തഫ.ടി.പി | സെക്രട്ടറി | 11-03-2021 | 31-03-2021 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി.ബുഷറ | കൃഷി ഓഫീസർ | 01-04-2020 | 16-09-2020 |
| ശ്രീമതി.സക്കീന.സി.പി | കൃഷി ഓഫീസർ | 17-09-2020 | 31-03-2021 |
| ശ്രീ.ചന്ദ്രൻ.ടി.കെ | ഹെഡ് മാസ്റ്റർ | 01-04-2020 | 31-03-2021 |
| ഡോ.അമ്പിളി ചോലക്കാട്ടിൽ | മെഡിക്കൽ ഓഫീസർ(ആയുർവേദം) | 01-04-2020 | 17-01-2021 |
| ഡോ.സൂരജ് .എൻ | മെഡിക്കൽ ഓഫീസർ(ആയുർവേദം) | 18-01-2021 | 31-03-2021 |
| ഡോ.ആനന്ദവല്ലി.എ) | മെഡിക്കൽ ഓഫീസർ( പി എച്ച് സി) | 01-04-2020 | 31-03-2021 |
| ഡോ.ദീപ.പി | മെഡിക്കൽ ഓഫീസർ(ഹോമിയോ) | 01-04-2020 | 31-03-2021 |
| ഡോ.വാണി.ആർ.പിള്ള | വെറ്റിനറി സർജ്ജൻ | 01-04-2020 | 18-02-2021 |
| ഡോ.എസ്.മോഹൻ | വെറ്റിനറി സർജ്ജൻ | 19-02-2021 | 31-03-2021 |
| ശ്രീമതി.സുമതി.കെ | ഐ സി ഡി എസ് സൂപ്പർവൈസർ | 01-04-2020 | 31-03-2021 |
| ശ്രീമതി.ധന്യ | അസിസ്റ്റന്റ് എഞ്ചിനിയർ | 01-04-2020 | 30-06-2020 |
| ശ്രീ.ദിലീഷ്.കെ | അസിസ്റ്റന്റ് എഞ്ചിനിയർ | 01-07-2020 | 26-02-2021 |

| | | | |
|---|---|---|---|
| ശ്രീമതി.രമ്യ കൃഷ്ണൻ.എൽ | അസിസ്റ്റന്റ് എഞ്ചിനിയർ | 27-02-2021 | 31-03-2021 |
| ശ്രീ.മോഹനൻ.എം.എ | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2020 | 11-05-2020 |
| ശ്രീ.സജിത്ത് കുമാർ.എം.കെ | അസിസ്റ്റന്റ് സെക്രട്ടറി | 12-05-2020 | 16-06-2020 |
| (ഒഴിവ്) | അസിസ്റ്റന്റ് സെക്രട്ടറി | 17-06-2020 | 28-07-2020 |
| ശ്രീ.സജിത്ത് കുമാർ.എം.കെ | അസിസ്റ്റന്റ് സെക്രട്ടറി | 29-07-2020 | 07-08-2020 |
| ശ്രീ.അനീഷ് | സബ് ഇൻസ്പെക്ടർ ഓഫ് ഫിഷറീസ് | 01-04-2020 | 13-07-2020 |
| ശ്രീ.റിജുൽ രാജ് | സബ് ഇൻസ്പെക്ടർ ഓഫ് ഫിഷറീസ് | 14-07-2020 | 31-03-2021 |
| ശ്രീ.മോഹനൻ.എം.എ. | അസി.സെക്രട്ടറി | 08-08-2020 | 31-03-2021 |
| ശ്രീ.റഷീദ്.കെ.പി. | വി.ഇ.ഒ, തൃപ്രങ്ങോട്ടൂർ | 01-04-2020 | 03-09-2020 |
| ശ്രീമതി.വിനയ ഭാസ്കരൻ | വി.ഇ.ഒ, തൃപ്രങ്ങോട്ടൂർ | 04-09-2020 | 31-03-2021 |
| ശ്രീ.അബ്ദുൾ നാസർ | വി.ഇ.ഒ, പൊയിലൂർ | 01-04-2020 | 31-03-2021 |
| ശ്രീമതി.റിജുള.എ. | ഡയറി ഫാം എക്സ്റ്റൻഷൻ ഓഫീസർ | 01-04-2020 | 11-06-2020 |
| ശ്രീ.ജയൻ.എം.വി. | ഡയറിഫാം എക്സ്റ്റൻഷൻ ഓഫീസർ | 12-06-2020 | 31-03-2021 |

ശ്രീമതി.നിഷ അച്ചുതൻ -സെക്രട്ടറി ,ശ്രീ.ദിലീഷ്.കെ -അസിസ്റ്റന്റ് എഞ്ചിനിയർ & ശ്രീമതി.സക്കീന.സി.പി -കൃഷി ഓഫീസർ എന്നി ഉദ്യോഗസ്ഥരെ 12.11.2020 മുതൽ 29.12.2020 വരെ ഭരണ നിർവ്വഹണ കമ്മിറ്റി അംഗങ്ങളായി ചുമതലപ്പെടുത്തിയിട്ടുണ്ട്.

# ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്<br>Written By: Sreeja.K (Auditor, On 23-11-2021)<br>Last Updated By: PREETHA.P.V (Computer Assistant, On 18-12-2021) | 1-1 |
| 2 | വാർഷിക ധനകാര്യ പത്രിക<br>Written By: Lathavani (Audit Officer, On 24-11-2021)<br>Last Updated By: PREETHA.P.V (Computer Assistant, On 15-12-2021) | 1-2 |
| 3 | വാർഷിക കണക്കിലെ അപാകങ്ങൾ<br>Written By: Sreeja.K (Auditor, On 25-11-2021)<br>Last Updated By: PREETHA.P.V (Computer Assistant, On 15-12-2021) | 1-2-1 |
| 4 | സാമ്പത്തിക വിശകലനം<br>Written By: Lathavani (Audit Officer, On 24-11-2021)<br>Last Updated By: PREETHA.P.V (Computer Assistant, On 15-12-2021) | 1-3 |
| 5 | ഫണ്ട് വിനിയോഗം<br>Written By: Sreeja.K (Auditor, On 23-11-2021)<br>Last Updated By: PREETHA.P.V (Computer Assistant, On 18-12-2021) | 1-4 |
| 6 | പദ്ധതി അവലോകനം<br>Written By: Lathavani (Audit Officer, On 24-11-2021)<br>Last Updated By: PREETHA.P.V (Computer Assistant, On 18-12-2021) | 1-5 |
| 7 | തൊഴിലുറപ്പ് പദ്ധതി<br>Written By: Sreeja.K (Auditor, On 23-11-2021)<br>Last Updated By: PREETHA.P.V (Computer Assistant, On 18-12-2021) | 1-6 |
| 8 | ക്ഷേമ പദ്ധതികൾ<br>Written By: Lathavani (Audit Officer, On 24-11-2021)<br>Last Updated By: PREETHA.P.V (Computer Assistant, On 18-12-2021) | 1-7 |
| 9 | ക്യാഷ് ബാലൻസ് പരിശോധന<br>Written By: PRATHYOOSH S (Auditor, On 26-11-2021)<br>Last Updated By: PREETHA.P.V (Computer Assistant, On 15-12-2021) | 1-8 |
| 10 | ആഭ്യന്തര നിയന്ത്രണം<br>Written By: Lathavani (Audit Officer, On 24-11-2021)<br>Last Updated By: PREETHA.P.V (Computer Assistant, On 15-12-2021) | 1-9 |
| 11 | കമ്മിറ്റി<br>Written By: Sreeja.K (Auditor, On 23-11-2021)<br>Last Updated By: PREETHA.P.V (Computer Assistant, On 15-12-2021) | 1-10 |
| 12 | ഗ്രാമസഭ<br>Written By: PRATHYOOSH S (Auditor, On 25-11-2021)<br>Last Updated By: PREETHA.P.V (Computer Assistant, On 15-12-2021) | 1-11 |
| 13 | ഇ ടെണ്ടർ ഫീസ് ഈടാക്കേണ്ടത്<br>Written By: Lathavani (Audit Officer, On 25-11-2021)<br>Last Updated By: PREETHA.P.V (Computer Assistant, On 15-12-2021) | 1-12 |
| 14 | എഫ് ടി ഇ & ഒ എസ് ലൈസൻസ് സംബന്ധിച്ച അപാകങ്ങൾ<br>Written By: PRATHYOOSH S (Auditor, On 24-11-2021)<br>Last Updated By: PREETHA.P.V (Computer Assistant, On 15-12-2021) | 1-13 |
| 15 | ഐ.കെ.എം വിഹിതം നൽകൽ- വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല<br>Written By: Sumathi.T.O (Auditor, On 25-11-2021)<br>Last Updated By: PREETHA.P.V (Computer Assistant, On 15-12-2021) | 1-14 |
| 16 | പാരാമെഡിക്കൽ സ്ഥാപനങ്ങൾ സംബന്ധിച്ച അപാകങ്ങൾ<br>Written By: PRATHYOOSH S (Auditor, On 25-11-2021)<br>Last Updated By: PREETHA.P.V (Computer Assistant, On 15-12-2021) | 1-15 |
| 17 | തെരുവ് വിളക്ക് പരിപാലനം-മാർഗ്ഗരേഖയിലെ നിർദ്ദേശങ്ങൾ പാലിക്കുന്നില്ല. ₹614250 തടസ്സപ്പെടുത്തുന്നു<br>Written By: Sumathi.T.O (Auditor, On 25-11-2021)<br>Last Updated By: PREETHA.P.V (Computer Assistant, On 15-12-2021) | 1-16 |

| | | |
|---|---|---|
| 18 | തെരുവ് വിളക്ക് എ.എം.സി വെക്കൽ - പദ്ധതി നടത്തിപ്പിലെ അപാകത ₹ 319950 തടസ്സപ്പെടുത്തുന്നു<br>Written By: Sumathi.T.O (Auditor, On 25-11-2021)<br>Last Updated By: PREETHA.P.V (Computer Assistant, On 15-12-2021) | 1-17 |
| 19 | തെരുവ് വിളക്കിന്റെ സ്റ്റോക്ക് രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല,ഇലക്ട്രിസിറ്റി ബോർഡുമായി സംയുക്ത പരിശോധന നടത്തിയിട്ടില്ല<br>Written By: Sumathi.T.O (Auditor, On 26-11-2021)<br>Last Updated By: PREETHA.P.V (Computer Assistant, On 15-12-2021) | 1-18 |
| 20 | സൗരോർജ്ജ വേലി പദ്ധതി പൂർത്തീകരിച്ചിട്ടില്ല.<br>Written By: Sumathi.T.O (Auditor, On 25-11-2021)<br>Last Updated By: PREETHA.P.V (Computer Assistant, On 18-12-2021) | 1-19 |
| 21 | പ്രത്യേക കന്നുകുട്ടി പരിപാലന പദ്ധതി - വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കേണ്ടത്.<br>Written By: PRATHYOOSH S (Auditor, On 25-11-2021)<br>Last Updated By: PREETHA.P.V (Computer Assistant, On 18-12-2021) | 1-20 |
| 22 | ആടു വളർത്തൽ ,മിനി ഫാം - അപാകങ്ങൾ<br>Written By: PRATHYOOSH S (Auditor, On 25-11-2021)<br>Last Updated By: PREETHA.P.V (Computer Assistant, On 15-12-2021) | 1-21 |
| 23 | പൊതുമരാമത്ത് പ്രവൃത്തി -കരാർ ചമയ്ക്കൽ ,സൈറ്റ് കൈമാറൽ അപാകങ്ങൾ<br>Written By: Lathavani (Audit Officer, On 26-11-2021)<br>Last Updated By: PREETHA.P.V (Computer Assistant, On 18-12-2021) | 1-22 |
| 24 | ബോട്ടിൽ ബൂത്ത് സ്ഥാപിക്കൽ- സ്ഥാപിച്ചതിന്റെ വിവരം ലഭ്യമാക്കിയിട്ടില്ല.₹3,18,709 തടസ്സപ്പെടുത്തുന്നു<br>Written By: Lathavani (Audit Officer, On 26-11-2021)<br>Last Updated By: PREETHA.P.V (Computer Assistant, On 15-12-2021) | 1-23 |
| 25 | ബഡ്ജറ്റ് ഹോട്ടലിന് അടിസ്ഥാന സൗകര്യം- Kitchen Oven ഉപയോഗിക്കുന്നില്ല<br>Written By: Lathavani (Audit Officer, On 26-11-2021)<br>Last Updated By: PREETHA.P.V (Computer Assistant, On 15-12-2021) | 1-24 |
| 26 | മരാമത്ത് പദ്ധതിയുടെ ഫയൽ സൂക്ഷിപ്പിലെ അപാകങ്ങൾ<br>Written By: Lathavani (Audit Officer, On 26-11-2021)<br>Last Updated By: PREETHA.P.V (Computer Assistant, On 18-12-2021) | 1-25 |
| 27 | ജി എസ് ടി കോമ്പൻസേഷൻ ക്ലയിം തുക നൽകൽ -സെൽഫ് ഡിക്ലറേഷൻ വാങ്ങിക്കാത്തത് - 421914 തടസ്സപ്പെടുത്തുന്നു<br>Written By: Lathavani (Audit Officer, On 26-11-2021)<br>Last Updated By: PREETHA.P.V (Computer Assistant, On 15-12-2021) | 1-26 |
| 28 | സമയബന്ധിതമായി മരാമത്ത് പദ്ധതി നടപ്പിലാക്കിയില്ല.<br>Written By: Lathavani (Audit Officer, On 26-11-2021)<br>Last Updated By: PREETHA.P.V (Computer Assistant, On 15-12-2021) | 1-27 |
| 29 | പട്ടികവർഗ വിദ്യാർത്ഥികൾക്ക് ലാപ് ടോപ്-രേഖകൾ ലഭ്യമാക്കിയിട്ടില്ല.₹56330 തടസ്സപ്പെടുത്തുന്നു.<br>Written By: Sreeja.K (Auditor, On 25-11-2021)<br>Last Updated By: PREETHA.P.V (Computer Assistant, On 15-12-2021) | 1-28 |
| 30 | പഠനമുറി നിർമ്മാണം - രേഖകൾ ലഭ്യമാക്കിയിട്ടില്ല. ₹5,22,000 തടസ്സപ്പെടുത്തുന്നു<br>Written By: Sreeja.K (Auditor, On 25-11-2021)<br>Last Updated By: PREETHA.P.V (Computer Assistant, On 18-12-2021) | 1-29 |
| 31 | തുറന്ന കിണർ നിർമാണം-രേഖകൾ ലഭ്യമാക്കിയിട്ടില്ല. ₹126000 തടസ്സപ്പെടുത്തുന്നു<br>Written By: Sreeja.K (Auditor, On 25-11-2021)<br>Last Updated By: PREETHA.P.V (Computer Assistant, On 15-12-2021) | 1-30 |
| 32 | തുറസ്സായ കുടിവെള്ള കിണറുകൾ ശുചിത്വ കിണറുകളാക്കി | 1-31 |

| | | |
|---|---|---|
| | മാറ്റൽ-രേഖകൾ ലഭ്യമാക്കിയിട്ടില്ല.₹126500 തടസ്സപ്പെടുത്തുന്നു.<br>Written By: Sreeja.K (Auditor, On 25-11-2021)<br>Last Updated By: PREETHA.P.V (Computer Assistant, On 15-12-2021) | |
| 33 | സ്ക്കൂളുകൾക്കും അംഗൻവാടികൾക്കും റിംഗ് കമ്പോസ്റ്റ് - തുടർ പരിപാലനം നിരീക്ഷിക്കേണ്ടതാണ്<br>Written By: Sumathi.T.O (Auditor, On 25-11-2021)<br>Last Updated By: PREETHA.P.V (Computer Assistant, On 18-12-2021) | 1-32 |
| 34 | ഭിന്നശേഷിയുള്ള വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ്- അർഹമായ തുക അനുവദിക്കേണ്ടതാണ്<br>Written By: Sreeja.K (Auditor, On 25-11-2021)<br>Last Updated By: PREETHA.P.V (Computer Assistant, On 15-12-2021) | 1-33 |
| 35 | മരുന്ന് പൂർണമായും ലഭ്യമായിട്ടില്ല.<br>Written By: Sreeja.K (Auditor, On 24-11-2021)<br>Last Updated By: PREETHA.P.V (Computer Assistant, On 18-12-2021) | 1-34 |
| 36 | പാലിയേറ്റീവ് കെയർ നഴ്സിന് ഓണറേറിയം മുൻകൂറായി അനുവദിച്ചു.<br>Written By: Sreeja.K (Auditor, On 24-11-2021)<br>Last Updated By: PREETHA.P.V (Computer Assistant, On 18-12-2021) | 1-35 |
| 37 | തുടർ സാക്ഷരത -തുടർ നടപടികളുടെ വിവരം ലഭ്യമാക്കേണ്ടത്<br>Written By: Lathavani (Audit Officer, On 25-11-2021)<br>Last Updated By: PREETHA.P.V (Computer Assistant, On 15-12-2021) | 1-36 |
| | **ഭാഗം 2** | |
| | --- No Records Found --- | |
| | **ഭാഗം 3** | |
| | --- No Records Found --- | |
| | **ഭാഗം 4** | |
| 1 | വാർഷിക ധനകാര്യ സാക്ഷ്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരങ്ങൾ<br>Written By: Lathavani (Audit Officer, On 25-11-2021)<br>Last Updated By: PREETHA.P.V (Computer Assistant, On 18-12-2021) | 4-1 |
| 2 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം<br>Written By: Sreeja.K (Auditor, On 23-11-2021)<br>Last Updated By: PREETHA.P.V (Computer Assistant, On 15-12-2021) | 4-2 |
| 3 | നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ<br>Written By: Lathavani (Audit Officer, On 25-11-2021)<br>Last Updated By: Lathavani (Audit Officer, On 25-11-2021) | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയതിന്റെ വിവരങ്ങൾ<br>Written By: Lathavani (Audit Officer, On 25-11-2021)<br>Last Updated By: Lathavani (Audit Officer, On 25-11-2021) | 4-4 |
| 5 | വായ്പ / വായ്പ തിരിച്ചടവ്<br>Written By: Sreeja.K (Auditor, On 23-11-2021)<br>Last Updated By: PREETHA.P.V (Computer Assistant, On 15-12-2021) | 4-5 |
| 6 | സ്ഥിരനിക്ഷേപം<br>Written By: Sreeja.K (Auditor, On 23-11-2021)<br>Last Updated By: PREETHA.P.V (Computer Assistant, On 18-12-2021) | 4-6 |
| 7 | ഓഡിറ്റ് റിക്കവറി<br>Written By: Sreeja.K (Auditor, On 23-11-2021)<br>Last Updated By: Sreeja.K (Auditor, On 23-11-2021) | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകൾ സംബന്ധിച്ച വിവരങ്ങൾ | 4-8 |

| | | |
|---|---|---|
| | Written By: Lathavani (Audit Officer, On 25-11-2021)<br>Last Updated By: PREETHA.P.V (Computer Assistant, On 15-12-2021) | |
| 9 | ചാർജ്/സർചാർജ് നടപടികൾ സംബന്ധിച്ച വിവരം<br>Written By: Lathavani (Audit Officer, On 25-11-2021)<br>Last Updated By: PREETHA.P.V (Computer Assistant, On 15-12-2021) | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: Lathavani (Audit Officer, On 27-11-2021)<br>Last Updated By: PREETHA.P.V (Computer Assistant, On 18-12-2021) | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകളുടെ വിവരം<br>Written By: Lathavani (Audit Officer, On 25-11-2021)<br>Last Updated By: PREETHA.P.V (Computer Assistant, On 18-12-2021) | 4-11 |
| **അനുബന്ധം** | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |
| 3 | RECEIPT & PAYMENT STATEMENT | |
| 4 | INCOME&EXPENDITURESTATEMENT | |
| 5 | BALANCE SHEET | |

## ഭാഗം -1

### 1-1 ബജറ്റ്

| | | |
|---|---|---|
| ഭരണ സമിതി തീരുമാനം നമ്പർ/ തീയ്യതി | 44/2020 Dtd 27.03.2020 | |
| പുതുക്കിയ തീരുമാനം നമ്പർ, തീയ്യതി | 11/2021 Dtd 16.02.2021 | |
| ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റി തീരുമാനം നമ്പർ/തീയ്യതി | 27/2020 Dtd. 19.03.2020 | |
| പുതുക്കിയ തീരുമാനം നമ്പർ/തീയ്യതി | 19/2021 Dtd 15.02.2021 | |
| ഇനം | ബജറ്റ് പ്രകാരം | പുതുക്കിയ ബജറ്റ് പ്രകാരം |
| മുന്നിരിപ്പ് | 41469365 | 42228791 |
| വരവ് | 147658846 | 168172246 |
| ആകെ | 189128211 | 210401037 |
| ചെലവ് | 149463902 | 150588902 |
| നീക്കിയിരിപ്പ് | 39664309 | 59812135 |

2020-21 വർഷത്തെ ബജറ്റ് രൂപീകരണത്തിന്റെ ഭാഗമായി ഘടക സ്ഥാപനങ്ങളിലെ നിർവ്വഹണ ഉദ്യോഗസ്ഥരുടെ യോഗം വിളിച്ച ചേർക്കുന്നതിനായി 07-01-2020 തീയതിയിലെ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയിലെ യോഗത്തിൽ തീരുമാനിച്ചിട്ടുണ്ട്. എന്നാൽ ബജറ്റ് തയ്യാറാക്കുന്നതുമായി ബന്ധപ്പെട്ട സ്ഥാപനമേധാവികളുടെ യോഗം വിളിച്ച ചേർത്തതിന്റെ രേഖകൾ ലഭിച്ചിട്ടില്ല.സ്ഥാപന മേധാവികൾ പദ്ധതിയേതര നിർദ്ദേശങ്ങൾ സെക്രട്ടറിക്ക് സമർപ്പിക്കുക, സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻമാർ ധനകാര്യസ്റ്റാന്റിംഗ് കമ്മിറ്റിക്ക് എസ്റ്റിമേറ്റുകൾ സമർപ്പിക്കുക, ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി പദ്ധതി-പദ്ധതിയേതര നിർദ്ദേശങ്ങൾ സംയോജിപ്പിച്ച് കരട് ബജറ്റ് തയ്യാറാക്കുക എന്നിവ ബജറ്റ് മാന്വലിൽ നിർദ്ദേശിച്ചിരിക്കുന്ന പ്രകാരമുള്ള സമയക്രമത്തിനുള്ളിൽ നിർവ്വഹിച്ചിട്ടില്ല. എന്നാൽ അന്തിമ ബജറ്റ് അംഗീകരിക്കുന്നതിൽ ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റിയും, ഭരണസമിതിയും സമയക്രമം പാലിച്ചിട്ടുണ്ട്. വാർഷിക ബജറ്റുമായി ബന്ധപ്പെട്ട ബജറ്റ് പ്രസംഗം, ബജറ്റ് കുറിപ്പുകൾ, ബജറ്റ് പത്രികകൾ ബജറ്റ് ഷെഡ്യൂളുകൾ എന്നിവ ബജറ്റ് ഡോക്യുമെന്റ് ആയി ഫയലിൽ സൂക്ഷിച്ചിട്ടുണ്ട്. പെർഫോമൻസ് ബജറ്റ്, ജെൻഡർ ബജറ്റ് എന്നിവ തയ്യാറാക്കിയിട്ടില്ല.

### 1-2 വാർഷിക ധനകാര്യ പത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി |
|---|---|---|
| 31.07.2021 | 17.05.2021 | തിരിച്ചയച്ചിട്ടില്ല |

### 1-2-1 വാർഷിക കണക്കിലെ അപാകങ്ങൾ

1- പഞ്ചായത്ത് ഉടമസ്ഥതയിലുള്ള ഭൂമിയുടെ മൂല്യത്തിന്റെ വിവരം B-11 ഷെഡ്യൂളിൽ ഉൾപ്പെടുത്തിയിട്ടില്ല.

2-കാലഹരണപ്പെട്ട ഡെപ്പോസിറ്റ് തുകകൾ പഞ്ചായത്ത് ഫണ്ടിലേക്ക് മുതൽ കൂട്ടിയിട്ടില്ല.

3-പാരാ മെഡിക്കൽ രജിസ്ട്രേഷൻ ഫീ, ടെണ്ടർ ഫോം രജിസ്റ്റർ, KURDFC ലോൺ രജിസ്റ്റർ എന്നിവ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

4-B-9 ബാധ്യത ഹെഡിൽ സർക്കാരിലേക്ക് ഒടുക്കാനുള്ള Value Added Tax ഇനത്തിൽ കോഡ് നമ്പർ 350200202 ൽ 1823/- രൂപ നീക്കിയിരിപ്പുണ്ട്. 2017-18 സാമ്പത്തിക വർഷം അവസാനം മുതൽ ബാധ്യതയായി രേഖപ്പെടുത്തിയ തുക സർക്കാരിലേക്ക് അടവാക്കിയിട്ടില്ല.

### 1-3 സാമ്പത്തിക വിശകലനം

| | തുക (രൂപ ) |
|---|---|

| | |
|---|---|
| മുന്നിരിപ്പ് | 33272637.00 |
| ഓഡിറ്റ് വർഷത്തെ വരവ് | 58646800.00 |
| ആകെ | 91919437 |
| ഓഡിറ്റ് വർഷത്തെ ചെലവ് | 76572851 |
| നീക്കിയിരിപ്പ് | 15346586 |
| വരവിനങ്ങളിലെ നഷ്ടം/ | ഇല്ല |
| ചെലവിനങ്ങളിലെ നഷ്ടം/ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | ₹25,05,653 |

## 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുന്നിരിപ്പ് | അലോട്ട്മെന്റ് ലഭിച്ചത് | ആകെ | ചെലവ് | ലാപ്സ്/ നീക്കി യിരിപ്പ് |
|---|---|---|---|---|---|
| വികസന ഫണ്ട് ജനറൽ | 0 | 13065000 | 13065000 | 11774249 | 1290751 |
| വികസന ഫണ്ട് എസ്.സി.പി | 0 | 1174000 | 1174000 | 955000 | 219000 |
| വികസന ഫണ്ട് ടിഎസ് പി | 0 | 897000 | 897000 | 887616 | 9384 |
| മെയിന്റനൻസ് റോഡ് | 0 | 7062000 | 7062000 | 6632160 | 429840 |
| മെയിന്റനൻസ് നോൺ റോഡ് | 0 | 4797975 | 4797975 | 3450794 | 1347181 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (Tied) | 0 | 5730000 | 5730000 | 574761 | 5155239 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് | 0 | 8866842 | 8866842 | 7693138 | 1173704 |
| **കേന്ദ്രാവിഷ്കൃത വിഹിതം** | | | | | |
| ശുചിത്വ മിഷൻ ഫണ്ട് | 343535 | 2702858 | 3046393 | 1220639 | 1825754 |
| അംഗൻവാടി പോഷകാഹാരം | 1490205 | 844695 | 2334900 | 1709154 | 625746 |
| നിർമ്മൽ പുരസ്കാർ | 156850 | 0 | 156850 | 0 | 156850 |
| TSC Fund | 1425000 | 180000 | 1605000 | 303947 | 1301053 |
| **സംസ്ഥാന സർക്കാർ വിഹിതം** | | | | | |
| സാക്ഷരത | 6811 | 638 | 7449 | 0 | 7449 |
| വിമുക്തി,ആശ്രയ | 40920 | 918882 | 959802 | 918882 | 40920 |
| ഖരമാലിന്യ സംസ്കരണം | 2700 | 0 | 2700 | 0 | 2700 |
| പൊതു ഉദ്ദേശ്യ ഗ്രാന്റുകൾ | 10000 | 51000 | 61000 | 0 | 61000 |
| കേരളോത്സവം | 40000 | 0 | 40000 | 0 | 40000 |

2020-21 വർഷത്തെ ഗ്രാന്റ് വിനിയോഗ പത്രിക ലഭ്യമാക്കിയിട്ടുണ്ട്. വാർഷിക ധനകാര്യ പത്രികയിലെ തുകകളുമായി പൊരുത്തപ്പെടുന്നുണ്ട്.

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രൊജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | നടപ്പാക്കിയത് (എണ്ണം) | അടങ്കൽ | പൂർത്തിയാക്കിയ പദ്ധതികളുടെ എണ്ണം | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ | ചെലവ് | പൂർത്തീകരിച്ച പ്രൊജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|---|
| 186 | 144 | 6,49,54,996 | 123 | 21 | 42 | 4,12,78,549 | 66.12 |

| ക്രമ നമ്പർ | | പദ്ധതി അടങ്കൽ | അംഗീകരിച്ച പദ്ധതികളുടെ എണ്ണം | പദ്ധതി ചെലവ് | ചെലവഴിച്ച പദ്ധതികളുടെ എണ്ണം | പദ്ധതികളുടെ ചെലവ് ശതമാനം |
|---|---|---|---|---|---|---|
| 1 | കൃഷി ഓഫീസർ | 42,87,550 | 16 | 34,47,100 | 16 | 80.39 |
| 2 | വെറ്റിനറി സർജൻ | 27,37,476 | 9 | 7,99,192 | 8 | 29.19 |
| 3 | മെഡിക്കൽ ഓഫീസർ (പിഎച്ച് സി) | 20,73,045 | 6 | 20,08393 | 6 | 96.88 |
| 4 | മെഡിക്കൽ ഓഫീസർ (ഹോമിയോ) | 2,00,000 | 1 | 2,00,000 | 1 | 100 |
| 5 | മെഡിക്കൽ ഓഫീസർ (ആയുർവേദം) | 6,00,000 | 1 | 6,00,000 | 1 | 100 |
| 6 | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ (1) | 29,77,500 | 4 | 14,14,690 | 3 | 47.51 |
| 7 | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ (2) | 50,89,400 | 9 | 12,75,566 | 5 | 25.06 |
| 8 | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 48,26,400 | 4 | 45,50,013 | 4 | 94.27 |
| 9 | സെക്രട്ടറി | 54,15,162 | 19 | 41,49,477 | 15 | 76.62 |
| 10 | അസിസ്റ്റന്റ് എഞ്ചിനീയർ | 3,13,44,978 | 94 | 2,06,09,507 | 67 | 65.75 |
| 11 | അസിസ്റ്റന്റ് സെക്രട്ടറി | 22,17,235 | 19 | 14,02,757 | 14 | 63.26 |
| 12 | ഹെഡ് മാസ്റ്റർ, | 5,82,250 | 2 | 3,81,138 | 2 | 65.45 |
| 12 | സബ് ഇൻസ്പെക്ടർ ഓഫ് ഫിഷറീസ് | 24,84,000 | 1 | 3,60,716 | 1 | 14.52 |
| 13 | ഡയറി ഫാം ഇൻസ്ട്രക്ടർ | 1,20,000 | 1 | 80,000 | 1 | 66.66 |
| | ആകെ | 6,49,54,996 | 186 | 4,12,78,549 | 144 | 63.54 |

## 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| തൊഴിലാളികളുടെ കൂലി | - | 57020349 | 57020349 | 57020349 | - |
| | | | | | |

| | | | | | |
|---|---|---|---|---|---|
| അഡ്മിനിസ്ട്രേറ്റീവ് ചെലവ് | 378201 | 1083542 | 1461743 | 1459584 | 2159 |
| ആകെ | 378201 | 58103891 | 58482092 | 58479933 | 2159 |

മഹാത്മാഗാന്ധി ദേശീയ തൊഴിലുറപ്പ് പദ്ധതി പ്രകാരം തൃപ്രങ്ങോട്ടൂർ ഗ്രാമ പഞ്ചായത്തിൽ ആകെ 4812 കുടുംബങ്ങൾ തൊഴിലിനായി രജിസ്റ്റർ ചെയ്യുകയും രജിസ്റ്റർ ചെയ്തതിൽ 6 കുടുംബങ്ങൾക്ക് ഒഴികെയുള്ളവർക്ക് തൊഴിൽ കാർഡ് നൽകുകയും ചെയ്തിട്ടുണ്ട്. ഇതിൽ 2128 കുടുംബങ്ങൾക്ക് തൊഴിൽ നൽകിയിട്ടുണ്ട്. എന്നാൽ 250 കുടുംബങ്ങൾക്ക് മാത്രമാണ് 100 ദിവസം പൂർണ്ണമായും തൊഴിൽ നൽകാൻ സാധിച്ചിട്ടുള്ളത്. ആക്ഷൻ പ്ലാൻ പ്രകാരം അനുമതി ലഭിച്ച 573 പദ്ധതികളിൽ 211 പദ്ധതികൾ തൻവർഷം നടപ്പാക്കിയിട്ടുണ്ട്. ആകെ 114539 തൊഴിൽ ദിനങ്ങൾ സൃഷ്ടിക്കപ്പെട്ടിട്ടുണ്ട്.

## 1-7 ക്ഷേമ പദ്ധതികൾ

| ക്ഷേമ പദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| കർഷക തൊഴിലാളി പെൻഷൻ | 2544300 | 168 |
| വിധവാ പെൻഷൻ | 18421800 | 1239 |
| വാർദ്ധക്യകാല പെൻഷൻ | 34523300 | 2408 |
| വികലാംഗ പെൻഷൻ | 5733900 | 394 |
| അവിവാഹിത പെൻഷൻ | 1790600 | 121 |
| വിവാഹ ധനസഹായം | 150000 | 5 |

## 1-8 ക്യാഷ് ബാലൻസ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)- വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 18-11-2021 തീയ്യതിയിൽ 3.10 Pm സമയത്ത് സ്ഥാപന തലവന്റെ സാന്നിദ്ധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 5303/- രൂപയുടെ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തര നിയന്ത്രണം

2020-21 വർഷം കോവിഡ് 19 മഹാമാരി നിലനിൽക്കുന്ന സാഹചര്യമായതിനാൽ പ്രതിമാസം സ്റ്റാഫ് മീറ്റിംഗ് കൂടിയിട്ടില്ല .ആഗസ്റ്റ് മാസം തുടർച്ചായ അവധി ദിവസങ്ങൾ വരുന്നതിനാൽ പഞ്ചായത്ത് പരിധിയിലെ അനധികൃത കെട്ടിടനിർമ്മാണം നടത്തുന്നത് യഥാസമയം കണ്ടെത്താനും, തടയാനും, റിപ്പോർട്ട് ചെയ്യാനുമായി തെരഞ്ഞെടുത്ത ക്ലാർക്ക്മാർക്ക് ചുമതല നൽകുവാൻ ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റി തീരുമാനമെടുത്തിട്ടുണ്ട്. 2017-18 ന് മുൻപുള്ള ഡെപ്പോസിറ്റുകൾ തനത് ഫണ്ടിലേക്ക് മുതൽ കൂട്ടുന്നതിനായി ധനകാര്യസ്റ്റാൻഡിംഗ് കമ്മിറ്റി തീരുമാനിച്ചിട്ടുണ്ടെങ്കിലും തുക മുതൽ കൂട്ടിയിട്ടില്ല. തൊഴിൽരഹിത വേതനമിനത്തിൽ തുക ചെലവഴിക്കേണ്ടി വന്നിട്ടില്ല. സേവന പുസ്തകത്തിൽ മെമ്മോറാണ്ടം ഓഫ് സർവ്വീസ് വെരിഫിക്കേഷൻ നടത്തി കാലികമാക്കിയിട്ടില്ല. ഇൻകുമ്പൻസി രജിസ്റ്റർ കൃത്യമായി സൂക്ഷിക്കുന്നില്ല. ആസ്തി പരിപാലന കമ്മിറ്റി ദുരന്ത നിവാരണ കമ്മിറ്റി എന്നിവ രൂപീകരിച്ചിട്ടുണ്ട് .ദുരന്ത നിവാരണ പദ്ധതി രേഖ തയ്യാറാക്കിയിട്ടുണ്ട്.

## 1-10 കമ്മിറ്റി

വർക്കിംഗ് ഗ്രൂപ്പുകൾ

വർക്കിംഗ് ഗ്രൂപ്പ് - 2020-21 വാർഷിക പദ്ധതി രൂപീകരണവുമായി ബന്ധപ്പെട്ട് വർക്കിംഗ് ഗ്രൂപ്പ് പുന:സംഘടിപ്പിച്ചിട്ടുണ്ട്. തൻവർഷം 2 തവണ മാത്രമാണ് വർക്കിംഗ് ഗ്രൂപ്പ് കൂടിയിട്ടുള്ളത്. മിനുട്സിൽ മിക്കവയിലും തീരുമാനങ്ങൾ എഴുതുന്നില്ല. പങ്കെടുത്തവരുടെ ഹാജർ മാത്രമാണ് രേഖപ്പെടുത്തിയിട്ടുള്ളത്. മിനുട്ട്സിൽ തീരുമാനങ്ങൾ എഴുതി സാക്ഷ്യപ്പെടുത്തേണ്ടതും വർക്കിംഗ് ഗ്രൂപ്പുകൾ ശക്തിപ്പെടുത്തേണ്ടതുമാണ്

വികസന സെമിനാർ

2020-21 വാർഷിക പദ്ധതി രൂപീകരണത്തിനായി കരട് പദ്ധതി രേഖ ചർച്ച ചെയ്യുന്നതിന് 28-02-2020 ന് വികസന സെമിനാർ കൂടിയിട്ടുണ്ട്. കരട് പദ്ധതി നിർദ്ദേശങ്ങൾ ചർച്ച ചെയ്തത് സംബന്ധിച്ച് മിനുട്സിൽ രേഖപ്പെടുത്തിയിട്ടില്ല.

യോഗത്തിൽ 104 പേർ പങ്കെടുത്തിട്ടുണ്ട്. ദുരന്ത നിവാരണ പദ്ധതി വികസന സെമിനാർ 05.02.2020 നം യോഗം ചേർന്നിട്ടുണ്ട്.

സ്റ്റിയറിംഗ് കമ്മിറ്റി

എല്ലാ മാസങ്ങളിലും കൃത്യമായി യോഗം ചേർന്നിട്ടുണ്ട്. യോഗ മിനുട്ട്സ് കൃത്യമായി എഴുതിയിട്ടുണ്ട് .

## 1-11 ഗ്രാമസഭ

2020-21 സാമ്പത്തിക വർഷം 2 തവണ ഗ്രാമസഭ ചേർന്നിട്ടുണ്ട് . പുതിയ ഭരണ സമിതി അധികാരത്തിൽ വന്നതിന് ശേഷമുള്ള ആദ്യ ഗ്രാമ സഭ 10.02.2021ൽ കൂടിയിട്ടുണ്ട്.

| തീയതി | അജണ്ട |
|---|---|
| 08.02.2020 | 2020-21 വാർഷിക പദ്ധതി ആസൂത്രണം, 2019 -20 വാർഷിക പദ്ധതി അവലോകനം, 2019-20 വർഷത്തെ വിവിധ പദ്ധതികളിലെ ഗുണഭോക്തൃ ലിസ്റ്റ് അംഗീകരിക്കൽ, ഹരിത തുപ്രങ്ങോട്ടൂർ-മാലിന്യ സംസ്കരണം സംബന്ധിച്ച്. |
| 10.02.2021 | 2020-21 വാർഷിക പദ്ധതി അവലോകനം, വിവിധ പദ്ധതികളിലെ ഗുണഭോക്താക്കളുടെ മുൻഗണന പട്ടിക അംഗീകരിക്കൽ, 2021-22 വാർഷിക പദ്ധതി രൂപീകരണം, 2019 -20 വർഷത്തെ ഭരണ റിപ്പോർട്ട്, വാർഷിക ധനകാര്യ പത്രിക എന്നിവ അംഗീകരിക്കൽ 2018 -19 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് അവതരണം മുതലായവ . |

ഗ്രാമസഭ യോഗത്തിൽ പങ്കെടുക്കുന്നവരുടെ പൂർണ്ണമായ മേൽവിലാസം ചേർക്കുന്നില്ല. ഗ്രാമസഭകളിലെ ജനപ്രാതിനിധ്യം നിശ്ചിത ക്വാറം തികയുന്നുണ്ട്. യോഗം അവസാനിച്ചാൽ കോ-ഓർഡിനേറ്ററും യോഗത്തിന്റെ അദ്ധ്യക്ഷനും യോഗത്തിൽ പങ്കെടുത്തിട്ടുള്ള ജനപ്രതിനിധികളും കൂടാതെ ഗ്രാമസഭ യോഗത്തിൽ പങ്കെടുത്തിട്ടുള്ള 10 പേരുടെയെങ്കിലും ഒപ്പ് രേഖപ്പെടുത്തേണ്ടതാണ്. എന്നാൽ യോഗത്തിന്റെ അദ്ധ്യക്ഷൻ മാത്രമേ ഒപ്പ് രേഖപ്പെടുത്തുന്നുള്ളൂ.

## 1-12 ഇ ടെണ്ടർ ഫീസ് ഈടാക്കേണ്ടത്

അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണം നടത്തിയ മരാമത്ത് പ്രവൃത്തികളിൽ ഇ-ടെണ്ടർ മുഖേന ടെണ്ടർ ചെയ്ത പ്രവൃത്തികളുടെ ടെണ്ടർ ഫീസ് തുക ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അക്കൗണ്ടിൽ നിന്നും ഗ്രാമ പഞ്ചായത്തിന്റെ അക്കൗണ്ടിലേക്ക് ക്രെഡിറ്റ് ചെയ്തിട്ടില്ല. നാളിതുവരെയായി ലഭിക്കാനുള്ള തുകയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| വർഷം | തുക |
|---|---|
| 2015-17 | 34,640 |
| 2018 | 28,650 |
| 2019 | 17,513 |
| 2020 | 28,413 |
| 2021 | 7,500 |
| ആകെ | 1,16,716 |

തുക ഗ്രാമ പഞ്ചായത്തിന്റെ അക്കൗണ്ടിലേക്ക് ക്രെഡിറ്റ് ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-13 എഫ് ടി ഇ & ഒ എസ് ലൈസൻസ് സംബന്ധിച്ച അപാകങ്ങൾ

2020-21സാമ്പത്തിക വർഷത്തെ ലൈസൻസിനുള്ള അപേക്ഷകൾ പരിശോധിച്ചപ്പോൾ അന്വേഷണ ഉദ്യോഗസ്ഥന്റെ റിപ്പോർട്ടിൽ സ്ഥാപനങ്ങളുടെ മൂലധന നിക്ഷേപം കണക്കാക്കിയിരുന്നില്ല . ചില ഉദാഹരണങ്ങൾ ചുവടെ കൊടുക്കുന്നു.

| ക്രമ നം. | സ്ഥാപനത്തിന്റെ പേര് | ഉടമയുടെ പേര് | വാർഡ് / കെട്ടിട നമ്പർ | നിശ്ചയിച്ച ഫീ |
|---|---|---|---|---|

| | | | | |
|---|---|---|---|---|
| 1 | ശോഭിക വെഡിങ് സെന്റർ | കുഞ്ഞമ്മദ് ഹാജി . സി .എ | 10/86B,86C,86D,86E,86G, 86H,86J,86K,86L,86M,86N,86P,86Q,86R,86S (ആകെ15 കടമുറികൾ ) | 1000/- |
| 2 | കാർ കെയർ | മുഹമ്മദ് നസീർ | 16/527A മുതൽ 16/527Cവരെ, 16/527R (ആകെ 4 കടമുറികൾ ) | 500/- |
| 3 | സെറാമിക് കളക്ഷൻ സെന്റർ | മുഹമ്മദ് ഫായിസ് കെ ടി | 16/367A, 16/367B, 16/367D (ആകെ 3 കടമുറികൾ ) | 500/- |
| 4 | ഒലീവ് കാറ്ററിംഗ് | അബ്ദുൾ അസീസ് എം പി | 10/39A, 10/40A, 10/40B (ആകെ3 കടമുറികൾ ) | 500/- |

സ്ഥാപനങ്ങൾക്ക് ലൈസൻസ് ഫീ നിശ്ചയിച്ചതിന്റെയും ഈടാക്കിയതിന്റെയും അടിസ്ഥാനം അന്വേഷിച്ച് ഓഡിറ്റ് അന്വേഷണം നൽകിയപ്പോൾ (നം .4 /തീയ്യതി 18.11.2021) മൂലധന നിക്ഷേപം രേഖപ്പെടുത്താൻ വിട്ടു പോയതായും ഇനിയുള്ള അപേക്ഷകളിൽ ചട്ടങ്ങൾ പാലിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്നും മറുപടി നൽകിയിട്ടുണ്ട്. അപേക്ഷകൾ കൃത്യമായ പരിശോധനയ്ക്ക് വിധേയമാക്കേണ്ടതാണ്.

## 1-14 ഐ.കെ.എം വിഹിതം നൽകൽ- വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല

| | |
|---|---|
| നിർവ്വഹണം | സെക്രട്ടറി |
| പ്രോജക്ട് നമ്പർ/ പേര് | 04/21, സാങ്കേതിക സഹായത്തിന് ഐ.കെ.എം.ന് വിഹിതം നൽകൽ |
| അടങ്കൽ | ₹66,490 വികസന ഫണ്ട്-ജനറൽ |
| ചെലവ് | ₹66,490 |
| ബിൽ നമ്പർ/ തീയതി | 20220752009300595076/07-10-2020 |

എക്സിക്യൂട്ടീവ് ഡയറക്ടർ, ഐ.കെ.എം.ന്, ഗ്രാമ പഞ്ചായത്ത് വിഹിതം നൽകുന്നതിനാണ് മേൽ തുക ചെലവഴിച്ചത്. എന്നാൽ തുക വിനിയോഗിച്ചതിന്റെ രേഖകൾ പരിശോധനക്ക് ഹാജരാക്കിയിട്ടില്ല. ആയത് പരിശോധനക്ക് ഹാജരാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.20/22-11-2021) ഐ.കെ.എം. വിനിയോഗ സാക്ഷ്യപത്രം ലഭ്യമാകുന്ന മുറയ്ക്ക് ഓഡിറ്റിന് ഹാജരാക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. വിനിയോഗ സാക്ഷ്യപത്രം പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.

## 1-15 പാരാമെഡിക്കൽ സ്ഥാപനങ്ങൾ സംബന്ധിച്ച അപാകങ്ങൾ

2019-20 സാമ്പത്തിക വർഷത്തെ ലൈസൻസ് പെർമിഷൻ രജിസ്റ്റർ പ്രകാരം 4 പാരാമെഡിക്കൽ സ്ഥാപനങ്ങളിൽ നിന്നാണ് ലൈസൻസ് ഫീ ഈടാക്കിയിട്ടുള്ളത്. അവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| സ്ഥാപനത്തിന്റെ പേര് | ഉടമയുടെ പേര് | കെട്ടിട നമ്പർ |
|---|---|---|
| മെഡിനോവ ലാബ് | അയൂബ് | 11/25,11/26 |
| സേഫ് ഡെന്റൽ ക്ലിനിക് | യാക്കൂബ് .സി | 16/303, 16/304, 16/304A |
| ഗ്രേസ് സ്പെഷ്യലിറ്റി ഡെന്റൽ ക്ലിനിക് | ഡോ .ഹഫീന | 11/813, 11/814 |
| പോളി ക്ലിനിക് | ഷാഫി .എ | 15/704 |

എന്നാൽ 2020-21 സാമ്പത്തിക വർഷത്തെ പാരാമെഡിക്കൽ ലൈസൻസ് പെർമിഷൻ രജിസ്റ്ററിൽ ഗ്രേസ് ഡെന്റൽ ക്ലിനിക്, മെഡിനോവ ലാബ് എന്നീ സ്ഥാപനങ്ങളിൽ നിന്നു മാത്രമേ ലൈസൻസ് ഫീ ഈടാക്കിയതായി കാണുന്നുള്ളൂ. വിശദീകരണം ആവശ്യപ്പെട്ടപ്പോൾ (അന്വേഷണം നം. 28 തീയ്യതി 24.11.2021) ബാക്കിയുള്ള സ്ഥാപനങ്ങൾക്ക് കുടിശ്ശിക അടവാക്കാൻ നോട്ടീസ് നല്കുന്നതാണെന്നും നിലവിൽ 5 പാരാമെഡിക്കൽ സ്ഥാപനങ്ങളാണ് പഞ്ചായത്തിൽ പ്രവർത്തിക്കുന്നതെന്നും മറുപടി നൽകി. ബാക്കിയുള്ള സ്ഥാപനങ്ങളിൽ നിന്നും

കുടിശ്ശിക ഈടാക്കി അറിയിക്കേണ്ടതാണ്. പാരാമെഡിക്കൽ സ്ഥാപനങ്ങളുടെ രജിസ്റ്റർ പരിശോധനയ്ക്ക് സമർപ്പിച്ചിട്ടില്ല.

## 1-16 തെരുവ് വിളക്ക് പരിപാലനം-മാർഗ്ഗരേഖയിലെ നിർദ്ദേശങ്ങൾ പാലിക്കുന്നില്ല. ₹614250 തടസ്സപ്പെടുത്തുന്നു

തെരുവ് വിളക്ക് വാങ്ങുന്നതിന് 2020-21 വർഷത്തിൽ താഴെ പറയും പ്രകാരം തുക ചെലവഴിച്ചിട്ടുണ്ട്.

| പ്രൊജക്ട് നം. | പ്രൊജക്ടിന്റെ പേര് | അടങ്കൽ/ ഫണ്ടിനം | ചെലവഴിച്ച തുക/ ബിൽ നം./തീയതി | വാങ്ങിയ ഇനം |
|---|---|---|---|---|
| എസ്.ഒ.161/21 | തെരുവ് വിളക്ക് വാങ്ങലും സ്ഥാപിക്കലും | ₹400000 ധനകാര്യ കമ്മീഷൻ ഗ്രാന്റ് ₹ 5000 തനത് ഫണ്ട് | ₹ 239250 20220752009300155824/ 11-04-2020 | 25 വാട്സിന്റെ 150 എൽ ഇ ഡി ലൈറ്റുകൾ ഡെക്കാൻ അസോസിയേറ്റ്സ് എന്ന സ്ഥാപന ത്തിൽ നിന്ന് |
| 9/21 | തെരുവ് വിളക്ക് വാങ്ങലും സ്ഥാപിക്കലും | ₹400000 ധനകാര്യ കമ്മീഷൻ ഗ്രാന്റ് ₹ 5000 തനത് ഫണ്ട് | ₹ 375000 20220752009301384760/ 26-03-2021 | 25 വാട്സിന്റെ 150 എൽ ഇ ഡി ലൈറ്റുകൾ ഒവോനിക്ക് എഞ്ചിനീയറിംഗ് എന്ന സ്ഥാപന ത്തിൽ നിന്ന് |

മേൽ തുക ചെലവഴിച്ചതുമായി ബന്ധപ്പെട്ട് താഴെ പറയുന്ന കാര്യങ്ങൾക്ക് വ്യക്തത വരുത്തേണ്ടതാണ്.

1)<u>തെരുവ് വിളക്കുകൾ-രജിസ്റ്ററുകൾ സൂക്ഷിക്കുന്നില്ല.</u>

തെരുവ് വിളക്കുകളുടെ സ്ഥാപനവും പരിപാലനവും സംബന്ധിച്ച് പഞ്ചായത്ത് ഡയറക്ടറുടെ ജി.2-44274/2015 തി.17.8.2015 സർക്കുലർ, സർക്കാർ ഉത്തരവ് നം.3287/2014/തസ്വഭവ തി.11.12.2014 എന്നിവയിൽ പറഞ്ഞിരിക്കുന്ന നിബന്ധനകൾ പ്രകാരം അവശ്യം സൂക്ഷിച്ചിരിക്കേണ്ട തെരുവ് വിളക്കുകളുടെ സ്റ്റോക്ക് രജിസ്റ്റർ, റിപ്പയർ രജിസ്റ്റർ, പരാതി രജിസ്റ്റർ എന്നിവ ഉൾപ്പെടെയുള്ള രജിസ്റ്ററുകൾ സൂക്ഷിച്ചിട്ടില്ല. ഇവ സൂക്ഷിക്കാത്തതിനാൽ തന്നെ ഓരോ വർഷവും സ്ഥാപിച്ച തെരുവ് വിളക്കുകൾ ഏതൊക്കെയെന്നും അവയുടെ ഗ്യാരണ്ടി കാലയളവ് എത്രയെന്നും കണക്കാക്കുന്നതിന് സാധിക്കുന്നില്ല. ആയതിനാൽ തന്നെ വാർഷിക അറ്റകുറ്റപ്പണിക്കുള്ള കരാർ നൽകുമ്പോൾ റിപ്പയർ ചെയ്യേണ്ട തെരുവു വിളക്കുകളുടെ കൃത്യമായ വിവരം ലഭിക്കുകയില്ല. ഇത് തെരുവ് വിളക്കിന്റെ വാർഷിക പരിപാലനമിനത്തിൽ അധിക ചെലവിന് കാരണമാകുന്നു. രജിസ്റ്ററുകൾ കൃത്യമായി സൂക്ഷിക്കുന്നുവെന്ന് ഉറപ്പ് വരുത്തേണ്ടതാണ്.

2)<u>കെ.എസ്.ഇ .ബി യുടെ അനുമതിയില്ലാതെ തെരുവ് വിളക്കുകൾ സ്ഥാപിക്കുന്നു.</u>

കേരള ഇലക്ട്രിസിറ്റി സപ്ലൈകോഡ് 2014 സെക്ഷൻ 102 സബ് സെക്ഷൻ 7.8 പ്രകാരം സ്ട്രീറ്റ് ലൈറ്റുകൾക്ക് മീറ്റർ സ്ഥാപിച്ച് മാത്രമേ സപ്ലൈ നൽകാവൂ എന്നും മീറ്റർ സ്ഥാപിക്കാത്ത സ്ട്രീറ്റ് ലൈറ്റുകൾ ഉണ്ടെങ്കിൽ ആയത് മീറ്റേർഡ് സപ്ലൈയിലേക്ക് 2014 വർഷം മുതൽ രണ്ട് വർഷത്തിനുള്ളിൽ മാറണമെന്നും വ്യക്തമാക്കിയിട്ടുണ്ട്. ഇപ്രകാരം സ്ട്രീറ്റ് ലൈറ്റ് മീറ്റർ ബോക്സ്, സ്ട്രീറ്റ് ലൈറ്റ് മീറ്റർ എന്നിവ ഗ്രാമപഞ്ചായത്ത് സ്ഥാപിച്ചിട്ടുണ്ടോയെന്നും സ്ട്രീറ്റ് ലൈറ്റ് സ്ഥാപിക്കുന്നതിന് സൂപ്പർവിഷൻ ചാർജ്ജ് കെ.എസ്.ഇ.ബി. യിൽ അടവാക്കിയിട്ടുണ്ടോയെന്നുമുള്ള കാര്യത്തിന് വ്യക്തത വരുത്താൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (30/25-11-2021) മറുപടി ലഭ്യമാക്കിയിട്ടില്ല. തെരുവ് വിളക്കുകൾ സ്ഥാപിക്കുന്നതിനുള്ള കെ.എസ്.ഇ.ബി നിർദ്ദേശങ്ങൾ പാലിച്ചിട്ടുണ്ടോയെന്നും കെ.എസ്.ഇ.ബി.-യിൽ നിന്നുള്ള അനുമതി ലഭിച്ചിട്ടുണ്ടോയെന്നും വ്യക്തതയില്ലാത്തതിനാൽ മേൽ കൊടുത്ത പദ്ധതികൾക്കായി ചെലവഴിച്ച₹ 614250 (₹239250+₹375000) തടസ്സപ്പെടുത്തുന്നു. മതിയായ രേഖകൾ ഹാജരാക്കി ഓഡിറ്റ് തടസ്സം ഒഴിവാക്കേണ്ടതാണ്.

## 1-17 തെരുവ് വിളക്ക് എ.എം.സി വെക്കൽ - പദ്ധതി നടത്തിപ്പിലെ അപാകത ₹ 319950 തടസ്സപ്പെടുത്തുന്നു

| | |
|---|---|
| നിർവ്വഹണം | സെക്രട്ടറി |
| പ്രോജക്ട് നമ്പർ/പേര് | 158/21, |
| അടങ്കൽ | ₹ 320000 – ധനകാര്യ കമ്മീഷൻ ഗ്രാന്റ് |
| | ₹ 5000 – തനത് ഫണ്ട് |
| | ₹325000 |
| ചെലവ് | ₹182095 (20220752009300155825/11-04-2020) |
| | ₹137855 (20220752009300718006/11-11-2020) |
| | ₹ 319950 |

തൃപ്രങ്ങോട്ടൂർ ഗ്രാമ പഞ്ചായത്തിലെ സ്ട്രീറ്റ് ലൈറ്റുകളുടെ വാർഷിക അറ്റകുറ്റ പണി നടത്തുന്നതിനുള്ളതാണ് മേൽ പദ്ധതി. വർഷത്തിൽ 3 ഘട്ടങ്ങളിലായി അറ്റകുറ്റ പണി നടത്തുന്നതിനും ഒന്നാം ഘട്ടം പൂർത്തിയായാൽ 50 ശതമാനവും രണ്ടാം ഘട്ടം പൂർത്തിയായാൽ 25 ശതമാനവും മൂന്നാം ഘട്ടം പൂർത്തിയായാൽ ബാക്കി 25 ശതമാനവും നൽകുന്നതിനുമാണ് പ്രോജക്ട് വെച്ചത്. മേൽ പദ്ധതി നടത്തിപ്പിൽ താഴെ കൊടുത്ത അപാകതകളുണ്ട്.

1.പദ്ധതി നടത്തിപ്പിനായി ഡക്കാൻ അസോസിയേറ്റ്സ് ,മയ്യിൽ എന്ന സ്ഥാപനം 395/യൂണിറ്റ് നിരക്കിലും എലൈറ്റ് ഇലക്ട്രിക്കൽസ് എന്ന സ്ഥാപനം 2,99,000/- രൂപ നിരക്കിലുമാണ് തുക ക്വാട്ട് ചെയ്തത്. ഭരണസമിതിയുടെ 25-11-2019 തീയതിയിലെ 306(1)/2019 നമ്പർ തീരുമാന പ്രകാരം കുറഞ്ഞ തുക ക്വാട്ട് ചെയ്ത ഡെക്കാൻ അസോസിയേറ്റ്സ് എന്ന സ്ഥാപനത്തെ അംഗീകരിച്ചിട്ടുണ്ട്. തുക താരതമ്യം ചെയ്തതിന്റെ താരതമ്യ പട്ടിക ഫയലിലില്ല. ആയിനാൽ ഡെക്കാൻ അസോസിയേറ്റ്സ് എന്ന സ്ഥാപനത്തെ അംഗീകരിച്ചതിന് വ്യക്തതയില്ല.

2.ഡെക്കാൻ അസോസിയേറ്റ്സ് എന്ന സ്ഥാപനം വ്യത്യസ്ത വാട്ടിലുള്ള ഉപകരണങ്ങൾക്ക് (40 വാട്ട് FTL ,22 വാട്ട് CFL, 30 വാട്ട് CFL,44 വാട്ട് CFL) ഒരേ നിരക്ക് തന്നെയാണ് ക്വാട്ട് ചെയ്തിരിക്കുന്നത്(395/- രൂപ)

മേൽ അപാകതകൾക്ക് മറുപടി ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.27/24-11-2021) ഡെക്കാൻ അസോസിയേറ്റ്സ് ബൾബുകളുടെ ഇനം തിരിച്ച് ക്വാട്ട് ചെയ്തുവെന്നും എലൈറ്റ് ഇലക്ട്രിക്കൽസ് എന്ന സ്ഥാപനത്തിന്റെ ടെണ്ടർ തുക സംബന്ധിച്ച് വ്യക്തമായ ധാരണയില്ലാത്തതിനാൽ ബൾബുകളുടെ ഇനം തിരിച്ച് ക്വാട്ട് ചെയ്ത ഡെക്കാൻ അസോസിയേറ്റ്സ് എന്ന സ്ഥാപനത്തെ അംഗീകരിച്ചുവെന്നാണ് മറുപടി ലഭ്യമാക്കിയത്. പ്രസ്തുത മറുപടി അംഗീകരിക്കാവുന്നതല്ല.

കൂടാതെ തെരുവ് വിളക്ക് പരിപാലനവുമായി ബന്ധപ്പെട്ട് താഴെ പറയുന്ന രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല.

1.സർക്കുലർ നമ്പർ 3055/ഡി എ3/2011 ത.സ്വ.ഭ.വ തീയതി 15.09.2011 ഖണ്ഡിക 3 ഇ പ്രകാരം തെരുവ് വിളക്കുകളുടെ സ്ഥാപിക്കലുമായി ബന്ധപ്പെട്ട് പരാതികൾ രജിസ്റ്റർ ചെയ്യുന്നതിന് രജിസ്റ്റർ കെ എസ് ഇ ബി യിലോ, തദ്ദേശ സ്ഥാപനങ്ങളിലോ സൂക്ഷിക്കേണ്ടതാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്. പ്രസ്തുത രജിസ്റ്റർ കരാറുകാരൻ എല്ലാദിവസവും പരിശോധിക്കേണ്ടതും പരാതികൾ പരിഹരിക്കാൻ ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതുമാണ്. എന്നാൽ ഇപ്രകാരമുള്ള രജിസ്റ്റർ പഞ്ചായത്തിൽ സൂക്ഷിച്ചിട്ടില്ല.

2.കേടായ സാധനങ്ങൾ അതാത് ദിവസം തന്നെ തിരികെ കൊണ്ടുവന്ന് രേഖപ്പെടുത്താനുള്ള രജിസ്റ്റർ ഓഫ് അൺസർവീസബിൾ ഐറ്റംസ് സൂക്ഷിച്ചിട്ടില്ല.

3. ഡെക്കാൻ അസോസിയേറ്റ്സ് എന്ന സ്ഥാപനം ഹാജരാക്കിയ ബിൽ നമ്പർ 14/(തീയതി രേഖപ്പെടുത്തിയിട്ടില്ല ) പ്രകാരം 461 എണ്ണവും ബിൽ നമ്പർ 41/14-10-2020 പ്രകാരം 349 എണ്ണവും ചേർത്ത് ആകെ 810 എണ്ണം റിപ്പയർ ചെയ്തതായി കാണിച്ചിട്ടുണ്ട്. വാർഡ് മെമ്പറുടെ സാക്ഷ്യപത്രം പ്രകാരം 1071 എണ്ണം റിപ്പയർ ചെയ്തതായി രേഖപ്പെടുത്തിയിട്ടുണ്ട്. അപാകതകൾക്ക് വ്യക്തമായ മറുപടി ലഭ്യമാക്കാത്തതിനാൽ ചെലവ് തുകയായ ₹319950 തടസ്സപ്പെടുത്തുന്നു.

## 1-18 തെരുവ് വിളക്കിന്റെ സ്റ്റോക്ക് രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല,ഇലക്ട്രിസിറ്റി ബോർഡുമായി സംയുക്ത പരിശോധന നടത്തിയിട്ടില്ല

തെരുവ് വിളക്കിന്റെ വൈദ്യുതി ചാർജ്ജിനത്തിൽ 2020-2021 സാമ്പത്തിക വർഷം 1025318/- രൂപ ചെലവുണ്ട്.

തെരുവ് വിളക്കുകളുടെ വിവരം രേഖപ്പെടുത്തിയ രജിസ്റ്റർ ഗ്രാമ പഞ്ചായത്തിൽ സൂക്ഷിച്ചിട്ടില്ല. ആയതിനാൽ തുക അടവാക്കിയതിന്റെ കൃത്യത പരിശോധിക്കുവാൻ സാധിച്ചിട്ടില്ല.ഇലക്ട്രിസിറ്റി ബോർഡുമായി സംയുക്ത പരിശോധന നടത്തിയതിന്റെ റിപ്പോർട്ടും ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല.രേഖകൾ ഹാജരാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.25/23-11-2021) മറുപടി ലഭ്യമാക്കിയിട്ടില്ല. രേഖകൾ പരിശോധനക്ക് ഹാജരാക്കേണ്ടതാണ്.

## 1-19 സൗരോർജ്ജ വേലി പദ്ധതി പൂർത്തീകരിച്ചിട്ടില്ല.

2020-21 സാമ്പത്തിക വർഷം കൃഷി ഓഫീസർ നിർവ്വഹണം നടത്തിയ താഴെ പറയുന്ന പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടില്ല.

| | |
|---|---|
| നിർവ്വഹണം | കൃഷി ഓഫിസർ |
| 1.പ്രോജക്ട് നമ്പർ/പേര് | 144/21,സൗരോർജ്ജ വേലി |
| അടങ്കൽ | ₹ 210000 വികസന ഫണ്ട്, ജനറൽ |
| ചെലവ് | ₹ 210000<br>20220752009401144142/24-02-2021 |
| 2.പ്രോജക്ട് നമ്പർ/പേര് | എസ്.ഒ.160/21, സൗരോർജ്ജ വേലി |
| അടങ്കൽ | ₹ 210000 വികസന ഫണ്ട്,ജനറൽ |
| ചെലവ് | ₹ 210000<br>20220752009400028876/11-04-2020 |

നരിക്കോട് മലമ്പ്രദേശത്ത് വന്യമൃഗ ശല്യം തടയുന്നതിന് സൗരോർജ്ജ വേലി സ്ഥാപിക്കുകയെന്നുള്ളതാണ് മേൽ പദ്ധതി ലക്ഷ്യം. ഇതിനായി ചീഫ് ഫോറസ്റ്റ് ഓഫീസർ ഡിവിഷണൽ ഫോറസ്റ്റ് ഓഫീസ്, കണ്ണൂർ ഡിവിഷൻ, കണ്ണോത്തുംചാൽ, കണ്ണൂർ-ന് നൽകുന്നതിനാണ് മേൽതുക ചെലവഴിച്ചത്. വനം വകുപ്പിന്റെ സ്ഥലം ആയതിനാൽ ഗ്രാമ പഞ്ചായത്തിന് നേരിട്ട് പ്രവൃത്തി നടത്താൻ സാധിക്കാത്തതിനാൽ ഡിവിഷൻ ഫോറസ്റ്റ് ഓഫീസർക്ക് തുക കൈമാറുകയാണ് ചെയ്തത്. കണ്ണവം ഫോറസ്റ്റ് റെയ്ഞ്ചിലെ പൊയിലൂർ വനം സംരംക്ഷണ സമിതി മുഖേനയാണ് പ്രവൃത്തി ചെയ്യാൻ തീരുമാനിച്ചത്. എന്നാൽ നാളിതുവരെയും പ്രവൃത്തി പൂർത്തീകരിച്ചിട്ടില്ല. പ്രവൃത്തിയുടെ എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ടെങ്കിലും ആയത് അംഗീകരിച്ചിട്ടില്ലെന്നും എസ്റ്റിമേറ്റ് പരിശോധന നടത്തി അംഗീകരിച്ച ശേഷം പ്രവൃത്തി ആരംഭിക്കുന്നതാണെന്നും ഡിവിഷൻ ഫോറസ്റ്റ് ഓഫീസർ അറിയിച്ചതായി ഓഡിറ്റ് എൻക്വയറി (നം.19/22-11-2021)ക്ക് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. വിനിയോഗിക്കാത്ത തുക ബാലൻസ് ഷീറ്റ് ബി.18ൽ ഉൾപ്പെടുത്തിയിട്ടില്ല. പ്രവൃത്തി പൂർത്തീകരിച്ചതിന്റെ വിവരം ലഭ്യമാക്കേണ്ടതാണ്.

## 1-20 പ്രത്യേക കന്നുകുട്ടി പരിപാലന പദ്ധതി - വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കേണ്ടത്.

| | |
|---|---|
| നിർവ്വഹണദ്യോഗസ്ഥൻ | വെറ്ററിനറി സർജൻ |
| പ്രോജക്റ്റിന്റെ പേര് &നം. | പ്രത്യേക കന്നുകുട്ടി പരിപാലന പദ്ധതി-21/21 |
| അടങ്കൽ | 312500/- രൂപ<br>(വികസന ഫണ്ട്-പൊതു വിഭാഗം)<br>312500/- രൂപ (മറ്റുള്ളവ) |
| ചെലവ് | 312500/- രൂപ ( വികസന ഫണ്ട് ) |
| ബിൽ നം. & തീയതി | 20220752011401232443, – 11.03.2021 |

2020-21 സാമ്പത്തിക വർഷത്തിൽ പ്രത്യേക കന്നുകുട്ടി പരിപാലന പദ്ധതിയുടെ ഭാഗമായി 3,12,500/- രൂപ എസ്.എൽ. ബി.പി. ഡെപ്യൂട്ടി ഡയറക്ടർക്ക് കൈമാറിയിട്ടുണ്ട്. ആയതിന്റെ എൻറോൾമെന്റ് പൂർത്തിയായിട്ടുമുണ്ട്. പദ്ധതിക്ക് വേണ്ടി ഇത് വരെ 71,648/- രൂപ ചെലവായിട്ടുണ്ട്. ഗുണഭോക്താക്കളിൽ 25 പേരും പദ്ധതിയിൽ തുടരുന്നുണ്ടോയെന്നും പാതി വഴിയിൽ ഉപേക്ഷിച്ചവരുണ്ടോയെന്നുമുള്ള ചോദ്യങ്ങൾക്ക് (അന്വേഷണം നം.15 തീയ്യതി 21.11.2021) രേഖാമൂലം മറുപടി ലഭ്യമാക്കിയിട്ടില്ല. ക്ഷീര സഹകരണ സംഘം വഴി കാലിത്തീറ്റ വിതരണം ചെയ്തതിന്റെ വിശദാംശങ്ങളും ലഭ്യമാക്കിയിട്ടില്ല. പദ്ധതി പൂർത്തിയാകുന്ന മുറയ്ക്ക് ബാക്കി തുകയായ 2,40,852/- രൂപയുടെ വിനിയോഗ സാക്ഷ്യപത്രവും മേൽ പരാമർശിച്ച മറ്റ് രേഖകളും ഹാജരാക്കേണ്ടതാണ്.

## 1-21 ആട്ട വളർത്തൽ ,മിനി ഫാം - അപാകങ്ങൾ

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | വെറ്റിനറി സർജൻ |
| പ്രോജക്ടിന്റെ നമ്പറും പേരും | 203/21, ആട്ട വളർത്തൽ ,മിനി ഫാം |
| അടങ്കൽ | 50,000/- (വികസനഫണ്ട് ) ,<br>50,000/- (ജില്ലാ പഞ്ചായത്ത് വിഹിതം )<br>1,00,000/- (ഗുണഭോക്തൃ വിഹിതം)<br>ആകെ : 2,00,000/- |
| ചെലവ് | 37,500/- (ബിൽ റഫറൻസ് നം./തീയതി-20220752011401412439/30-3-21)<br>(വികസനഫണ്ട് ),<br>37,500/- (ബിൽ റഫറൻസ് നം./തീയതി-20220752011401432207/30-3-21)<br>(ജില്ലാ പഞ്ചായത്ത് വിഹിതം )<br>ആകെ : 75,000/- |

ആട്ടകളെ വിതരണം നടത്തി ആട് ഫാം സ്ഥാപിച്ച് വരുമാനം വർദ്ധിപ്പിക്കുക എന്ന ലക്ഷ്യം കൈവരിക്കുന്നതിനായി തിരഞ്ഞെടുത്ത ഗുണഭോക്താക്കൾ 5000/- രൂപ വീതം വിലയുള്ള 5 പെൺ ആട്ടകളെയും ഒരു മുട്ടനാടിനെയും വാങ്ങണമെന്നും ആടിന് തൊഴുത്ത്, ഭക്ഷണം, മരുന്ന്,ആടിനെ ഇൻഷ്വർ ചെയ്യുന്നതിനുള്ള ചെലവ് എന്നിവ ഗുണഭോക്താക്കൾ വഹിക്കേണ്ടതാണെന്നും അപ്രകാരം മൊത്തം ചെലവ് 50000/- രൂപ കണക്കാക്കി 50% സബ്സിഡി അനുവദിക്കുന്നതിനാണ് പ്രൊജക്ട് രൂപീകരിച്ചിട്ടുള്ളത്. ആയത് പ്രകാരം തിരഞ്ഞെടുക്കപ്പെട്ട നാല് ഗുണഭോക്താക്കളിൽ ഒരാൾക്ക് 25000/- രൂപ നിരക്കിൽ 3 പേർക്ക് സബ്സിഡി നൽകിയിട്ടുണ്ട്. പതിമൂന്നാം പഞ്ചവത്സര പദ്ധതി സബ്സിഡി മാർഗ്ഗരേഖ സ.ഉ(കൈ)നം.22/2018/തസ്വഭവ തീയതി 14.02.2018, തുടർന്നുള്ള അനുബന്ധ ഉത്തരവുകൾ എന്നിവ പ്രകാരം ഇപ്രകാരം സബ്സിഡി അനുവദിക്കുന്നത് സംബന്ധിച്ച് നിർദ്ദേശങ്ങൾ ഉൾപ്പെടുത്തി കാണുന്നില്ല. ഏത് മാർഗ്ഗരേഖ പ്രകാരമാണ് പദ്ധതി നടപ്പാക്കിയതെന്ന് അന്വേഷിച്ചപ്പോൾ (അന്വേഷണം നം. 16 തീയ്യതി 21.11.2021) സുഭിക്ഷ കേരളം പദ്ധതിയുടെ ഭാഗമായി കണ്ണൂർ ജില്ലാ പഞ്ചായത്തിന്റെ മൃഗ സംരക്ഷണ മേഖലയിലെ പുതിയ പദ്ധതി നിർദ്ദേശങ്ങളിൽ ഉൾപ്പെട്ട പദ്ധതിയാണെന്നാണ് മറുപടി നൽകിയത്. സർക്കാർ ഉത്തരവിനു വിരുദ്ധമായി പ്രൊജക്ട് നിർവ്വഹിക്കുന്നതിന് ഉപോൽബലകമായ രേഖകൾ ലഭ്യമാക്കേണ്ടതാണ്. മേൽ പറഞ്ഞ പദ്ധതിയിൽ ജ്യോതിഷ് കെ.കെ. എന്നയാൾക്ക് 6 പെണ്ണാട്ടകളെ നൽകിയതായാണ് വെറ്റിനറി സർജൻ സാക്ഷ്യപ്പെടുത്തിയിട്ടുള്ളത്. ഇൻഷ്വറൻസ് എടുത്തിട്ടുള്ളതും 6 പെണ്ണാട്ടകൾക്കാണ് (പോളിസി-ഓറിയെന്റൽ ഇൻഷ്വറൻസ് കമ്പനി ലിമിറ്റഡ്) പദ്ധതി പ്രകാരം വൈരുദ്ധ്യം ഉള്ളതിനാൽ വിശദീകരണം ആവശ്യപ്പെട്ടതിൽ പദ്ധതി പ്രകാരം 5 പെണ്ണാട്ടകളെയും 1 മുട്ടനാടിനെയും തന്നെയാണ് വിതരണം ചെയ്തതെന്നും ക്ലറിക്കൽ പിഴവ് മൂലമാണ് 6 പെണ്ണാട് എന്ന രീതിയിൽ തെറ്റായി സാക്ഷ്യപ്പെടുത്തിയതെന്നും പിഴവ് ശ്രദ്ധയിൽ പെടുത്തിയതിനെ തുടർന്ന ഇൻഷ്വറൻസ് പുതുക്കി നല്കാൻ ഇൻഷ്വറൻസ് കമ്പനിയോട് ആവശ്യപ്പെട്ടതായും മറുപടി നൽകിയിട്ടുണ്ട് . പുതുക്കിയ ഇൻഷ്വറൻസ് രേഖ ലഭ്യമാക്കേണ്ടതാണ്.

## 1-22 പൊതുമരാമത്ത് പ്രവൃത്തി -കരാർ ചമയ്ക്കൽ ,സൈറ്റ് കൈമാറൽ അപാകങ്ങൾ

ജി.ഒ (പി)നം.13/2012/പി.ഡബ്ല്യു.ഡി/ തീയതി .01-02-2012 ലെ പരിഷ്കരിച്ച പൊതുമരാമത്ത് വകുപ്പ് മാന്വലിലെ വ്യവസ്ഥ 2009.6 പ്രകാരം ടെണ്ടർ അംഗീകരിച്ച് 7 ദിവസത്തിനകം ടെണ്ടർ സ്വീകരിച്ചതായ സെലക്ഷൻ നോട്ടീസ് കരാറുകാരന് നൽകണം. അറിയിപ്പ് കത്ത് രജിസ്റ്റർ ചെയ്ത തീയതി നോട്ടീസ് കൈപ്പറ്റിയ തീയതിയായി കണക്കാക്കുന്നതാണ്. നോട്ടീസ് കൈപ്പറ്റിയ തീയതി മുതൽ 14 ദിവസത്തിനകം കരാറുടമ്പടി വെക്കണം. വ്യവസ്ഥ 2102.1 പ്രകാരം കരാർ ചമച്ച് 10 ദിവസത്തിനകം കരാറുകാരൻ അസിസ്റ്റന്റ് എഞ്ചിനീയറിൽ നിന്നും പ്രവൃത്തി സ്ഥലം ഏറ്റെടുക്കണം. താഴെ പറയുന്ന പ്രവൃത്തികളിൽ സൈറ്റ് കൈമാറിയതിന് ശേഷമാണ് കരാർ ചമച്ചതായി കാണുന്നത്.

പ്രോജക്ട് -1

| | |
|---|---|
| പ്രോജക്ടിന്റെ പേര് & നം. | നരിക്കോട്ട് മല ഗവ. എൽ.പി. സ്കൂൾ അറ്റകുറ്റപണി 187/21 |

| | |
|---|---|
| | (Spill Over) |
| അടങ്കൽ | 4,98,000/- (സംരക്ഷണ ഗ്രാന്റ്-റോഡിതരം ) |
| ചെലവ് | 4,88,688/- |
| ബിൽ നം. &തീയതി | 20220752009601408501-DT 28.03.2021 |
| കരാറുകാരൻ | സുബാഷ്.സി.കെ |
| കരാർ തുക | 4,36,183/- |
| കരാർ നം | 40/AE/L S G D/T G P/19-20/04.01.2020 |
| എം ബുക്ക് | 95/20 |
| സൈറ്റ് കൈമാറിയ തീയതി | 05.12.2019 |
| പ്രവൃത്തി പൂർത്തീകരണ സമയം | ലഭ്യമല്ല |
| പ്രവൃത്തി പൂർത്തീകരിച്ച തീയതി | 27.03.2021 |

പ്രോജക്ട് -2

| | |
|---|---|
| പ്രോജക്ടിന്റെ പേര്&നം | ഉതുക്കമ്മൽ കുളം റോഡ് റീടാറിംഗ് 186/21 |
| അടങ്കൽ | 5,00,000/- (സംരക്ഷണ ഗ്രാന്റ്-റോഡ് ) |
| ചെലവ് | 4,95,518/- |
| ബിൽ നം &തീയതി | 20220752009601151789 DT 25.2.21 |
| കരാറുകാരൻ | റഗിൻ രാമചന്ദ്രൻ |
| കരാർ തുക | 4,46,344/- |
| കരാർ നം | 57/AE/L S G D /T G P/19-20 / 26.2.20 |
| എം ബുക്ക് | 62/20 |
| സൈറ്റ് കൈമാറിയ തീയതി | 5.12.2019 |
| പ്രവൃത്തി പൂർത്തീകരണ സമയം | 22.12.2020 |
| പ്രവൃത്തി പൂർത്തീകരിച്ച തീയതി | 21.1.2021 |

പ്രോജക്ട് -3

| | |
|---|---|
| പ്രോജക്ടിന്റെ പേര്&നം | തൂപ്രങ്ങോട്ടൂർ പള്ളികണിയാണ്ടിപ്പാറ റോഡ് ടാറിംഗ് -191/21 (Spill Over) |
| അടങ്കൽ | 3,70,000/- (സംരക്ഷണ ഗ്രാന്റ്-റോഡ് ) |
| ചെലവ് | 3,67,230/- |
| ബിൽ നം &തീയതി | 20220752009601151948 DT 25.2.21 |
| കരാറുകാരൻ | റഗിൻ രാമചന്ദ്രൻ |
| കരാർ തുക | ലഭ്യമല്ല |
| കരാർ നം. | 55/AE/L S G D /T G P/19-20/26.02.2020 |
| എം ബുക്ക് | 55/20 |
| സൈറ്റ് കൈമാറിയ തീയതി | 05.12.2019 |
| പ്രവൃത്തി പൂർത്തീകരണ സമയം | 22.12.2020 |
| പ്രവൃത്തി പൂർത്തീകരിച്ച തീയതി | 27.01.2021 |

പ്രോജക്ട് -4

| | |
|---|---|
| പ്രോജക്ടിന്റെ പേര് & നം. | അഴകിൽ മുണ്ടക്കൽ തോട്ടുമുക്ക് വി സി ബി റോഡ് ടാറിംഗ് -192/21 (Spill Over) |

| | |
|---|---|
| അടങ്കൽ | 2,33,500/-(സംരക്ഷണ ഗ്രാന്റ് -റോഡ് ) |
| ചെലവ് | 2,30,225/- |
| ചെക്ക് നം &തീയതി | 20220752009601408503 DT 28.03.2021 |
| കരാറുകാരൻ | കെ..രമേഷ് ബാബു |
| കരാർ തുക | 2,06,686/- |
| കരാർ നം. | 24/AE/L S G D/T G P/19-20/16.12.2019 |
| എം ബുക്ക് | 72/20 |
| സൈറ്റ് കൈമാറിയ തീയതി | 05.12.2019 |
| പ്രവൃത്തി പൂർത്തീകരണ സമയം | ലഭ്യമല്ല |
| പ്രവൃത്തി പൂർത്തീകരിച്ച തീയതി | 20.03.2021 |

മേൽ പരാമർശിച്ച പ്രവൃത്തികളുടെ കരാർ ചമയ്ക്കുന്നതിന് മുൻപ് സൈറ്റ് കൈമാറിയിട്ടുണ്ട്. സെലക്ഷൻ നോട്ടീസ് അയച്ച തീയതി,കരാർ കാലാവധി എന്നിവ ലഭ്യമാക്കിയിട്ടില്ല.

മേൽ പരാമർശിച്ച അപാകങ്ങൾക്ക് മറുപടി ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (18/22.11.2021) മറുപടി ലഭ്യമാക്കിയിട്ടില്ല. ശരിയായ പ്രവൃത്തി പൂർത്തീകരണ സമയം ലഭ്യമാക്കി, പ്രവൃത്തി അനുമതി ഇല്ലാതെ ദീർഘിപ്പിച്ചിട്ടുണ്ടെങ്കിൽ ജി.ഒ.(പി)നം.13/2012/പി.ഡബ്ല്യു.ഡി/തീയതി 01-02-2012-ലെ പരിഷ്കരിച്ച പൊതുമരാമത്ത് വകുപ്പ് മാന്വലിലെ 2112 വ്യവസ്ഥ പ്രകാരവും, തദ്ദേശ സ്വയംഭരണ (എ സി) വകുപ്പ് നം. എ സി 2/223/2015 -തസ്വഭവ തീയതി 18.8.2018 ഉത്തരവും അനുസരിച്ചുള്ള പിഴ ഈടാക്കേണ്ടതാണ്.

## 1-23 ബോട്ടിൽ ബൂത്ത് സ്ഥാപിക്കൽ- സ്ഥാപിച്ചതിന്റെ വിവരം ലഭ്യമാക്കിയിട്ടില്ല.₹3,18,709 തടസ്സപ്പെടുത്തുന്നു

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | അസിസ്റ്റന്റ് എഞ്ചിനീയർ |
| പ്രോജക്ടിന്റെ പേര്&നം. | ബോട്ടിൽ ബൂത്ത് സ്ഥാപിക്കൽ -170/21 |
| അടങ്കൽ | 8,75,000/- (ധനകാര്യ കമ്മീഷൻ ഗ്രാന്റ് ) |
| ചെലവ് | 3,18,709/- |
| ബിൽ നം &തീയതി | 11/13.5.2020 |
| കരാറുകാരൻ | സുബാഷ്.സി.കെ |
| കരാർ തുക | 7,64,645.49/- |
| കരാർ നം | 43/AE/L S G D /T G P/19-20 / 4.1.20 |
| എം ബുക്ക് | 43/20 |

ബോട്ടിൽ ബൂത്ത് സ്ഥാപിക്കൽ പദ്ധതിയിൽ ഒന്നാം ഭാഗിക ബിൽ ആയി 3,18,709/- രൂപ നൽകിയിട്ടുണ്ട്. പ്രവൃത്തിയുടെ എസ്റ്റിമേറ്റ്, എസ്റ്റിമേറ്റ് റിപ്പോർട്ട് എന്നിവ ലഭ്യമാക്കിയിട്ടില്ല. ആകെ എത്ര ബോട്ടിൽ ബൂത്തിനാണ് എസ്റ്റിമേറ്റിൽ തുക വകയിരുത്തിയതെന്നും, എത്ര എണ്ണം ചെയ്തുവെന്നും, അവ എവിടെയൊക്കെയാണ് സ്ഥാപിച്ചതെന്നും ലഭ്യമാക്കിയിട്ടില്ല. അതിനാൽ ₹3,18,709 തടസ്സപ്പെടുത്തുന്നു.
ഇനം 6 ആയി 61.1 M2 " പ്രീ കോട്ടഡ് ഗാൽവനൈസ്ഡ് സ്റ്റീൽ ഷീറ്റ് റൂഫിംഗ് ചെയ്യുന്നതിന് ക്വാട്ട് ചെയ്ത നിരക്ക് 475.94/- ആണ്. എന്നാൽ @ 103.52 നിരക്കാണ് ഈ ഐറ്റം ചെയ്യാൻ എടുത്തത്. ആകെ 6325.07 ഈ ഐറ്റത്തിന് കരാറുകാരന് നൽകിയത്. ആയതിന്റെ കൃത്യത പരിശോധിക്കേണ്ടതാണ്. ഈ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (18/22.11.2021) മറുപടി ലഭ്യമാക്കിയിട്ടില്ല.

## 1-24 ബഡ്ജറ്റ് ഹോട്ടലിന് അടിസ്ഥാന സൗകര്യം- Kitchen Oven ഉപയോഗിക്കുന്നില്ല

| | |
|---|---|
| പ്രോജക്ടിന്റെ പേര്&നം | ബഡ്ജറ്റ് ഹോട്ടലിന് അടിസ്ഥാന സൗകര്യം 227/21 |
| | |

| | |
|---|---|
| അടങ്കൽ | 1,50,000(തനത് ഫണ്ട് ) |
| ചെലവ് | 1,37,291 |
| ചെക്ക് നം. &തീയതി | 0040446 Dt-31.3.2021 |
| കരാറുകാരൻ | സുബാഷ് .സി.കെ |
| കരാർ തുക | 1,33,651.86/- |
| കരാർ നം | 29/AE/LSGD/*T G P/20-21 Date-25.2.2021*<br>*(CC FIRST & FINAL BILL പ്രകാരം)* |
| എം ബുക്ക് | 90/2020 |

അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി 2020-21 വർഷം നടപ്പിലാക്കിയ ബഡ്ജറ്റ് ഹോട്ടലിന് അടിസ്ഥാന സൗകര്യമൊരുക്കൽ പദ്ധതിയിൽ നടപ്പിലാക്കിയ പ്രവൃത്തിയുടെ കരാറിൽ കരാർ നം. തീയതി എന്നിവ രേഖപ്പെടുത്തിയിട്ടില്ല . ടെണ്ടർ ഫോറം സമർപ്പിച്ചത് ഫോട്ടോസ്റ്റാറ്റ് കോപ്പിയിലാണ് .

ഇനം 23 ആയി ചെയ്ത Providing &Fixing Stainless Steel Kitchen Oven With Single Burner Of Size 22"22 – (1 No-@9679.36) ഉപയോഗിക്കുന്നില്ല. നിർമ്മാണത്തിൽ പിഴവുണ്ടോ എന്ന കാര്യം വ്യക്തമാക്കേണ്ടതാണ്. സബ്സിഡി നിരക്കിൽ ഊണ് ലഭ്യമാക്കി പ്രവർത്തിക്കുന്ന ബഡ്ജറ്റ് ഹോട്ടലിന് മികച്ച അടിസ്ഥാന സൗകര്യമൊരുക്കിയെങ്കിലും Oven ഉപയോഗിക്കാത്തതിന്റെ കാരണം വ്യക്തമല്ല.

## <u>1-25 മരാമത്ത് പദ്ധതിയുടെ ഫയൽ സൂക്ഷിപ്പിലെ അപാകങ്ങൾ</u>

അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണം നടത്തിയ പ്രോജക്ടുകളുടെ രേഖകളുടെ സൂക്ഷിപ്പിൽ താഴെ പറയുന്ന അപാകങ്ങൾ കാണുന്നു.

1- ഫയലുകളിൽ പ്രോജക്ട് ഉൾപ്പെടുത്തുന്നില്ല.

2- എസ്റ്റിമേറ്റ് ഉൾപ്പെടുത്തുന്നില്ല. സാങ്കേതികാനുമതി നം തീയതി , തുക, രേഖപ്പെടുത്തുന്നില്ല

3- എസ്റ്റിമേറ്റ് റിപ്പോർട്ടില്ല.

4- സെലക്ഷൻ നോട്ടീസ് ഇല്ല. അതിനാൽ സമയബന്ധിതമായി കരാർ സമർപ്പിച്ചിരുന്നുവെന്ന് ഉറപ്പ് വരുത്തുന്നതിന് സാധിച്ചിട്ടില്ല

5- പ്രവൃത്തി പൂർത്തീകരണ തീയതി കരാറിൽ രേഖപ്പെടുത്തുന്നില്ല. അതിനാൽ സമയപരിധിക്കകം പ്രവൃത്തി പൂർത്തീകരിച്ചിരുന്നോയെന്നും, പൂർത്തീകരിക്കാത്തവയ്ക്ക് നിയമാനുസൃത പിഴ ഈടാക്കിയോ എന്നും പരിശോധിക്കാൻ സാധിച്ചിട്ടില്ല. Cc First & Final ബില്ലിൽ കരാർ പൂർത്തീകരണ തീയതി രേഖപ്പെടുത്തുന്നത് എപ്രകാരമെന്ന് വ്യകതമല്ല

6-പ്രോജക്ട് രജിസ്റ്റർ സൂക്ഷിക്കുന്നില്ല. അതിനാൽ ഒരു പ്രോജക്ടിന് വേണ്ടി ചെലവഴിച്ച ബില്ലുകളുടെ വിവരം കൃത്യമായി ലഭിക്കുന്നില്ല .

7-സബ്സിഡിയറി ക്യാഷ് ബുക്ക് സൂക്ഷിക്കുന്നില്ല

8- ഫയലുകളിൽ തുക മാറിയതിന്റെ ബിൽ വയ്ക്കുന്നില്ല. കൂടാതെ തനത് ഫണ്ട് മുഖേന മാറുന്ന തുകയുടെ വൗച്ചർ / ചെക്ക് പകർപ്പ് സൂക്ഷിക്കുന്നില്ല. തുക നൽകിയത് ആരുടെ,ഏത് അക്കൗണ്ടിലേക്കാണ് എന്നും വ്യക്തമാകുന്നില്ല. ബാങ്ക് അക്കൗണ്ട് പകർപ്പ് വച്ചിട്ടില്ല .ക്യൂ ബില്ലുകൾ,പിന്നീട് മാറുമ്പോൾ , ട്രഷറിയിൽ സമർപ്പിക്കുന്ന പുതിയ ബില്ലും ഫയലിൽ വെക്കുന്നില്ല. ഈ ബില്ലുകൾ ട്രഷറിയിൽ വീണ്ടും സമർപ്പിക്കുമ്പോൾ എം ബുക്കിൽ ചേർക്കുന്നില്ല. എം ബുക്കിൽ ആദ്യം നൽകിയ ബില്ലിൽ തന്നെയാണ് തുക മാറിയത് എന്നാണ് ചേർക്കുന്നത്. ഇപ്രകാരം മാറിയ തുകകൾ ക്യാഷ് ബുക്കിലും ചേർത്തിട്ടില്ല. ഉദാഃ പൊന്നുറാചാലിൽ വിസിബി റോഡ് ടാറിംഗ് (118/21)- ₹5,57,420, കണിശന്റെ വാതുക്കൽ പൊക്കായന്റവിട റോഡ് ടാറിംഗ് - (114/21) -₹ 6,07,213.

9-റോഡ് കണക്ടിവിറ്റി ഭൂപടവും പ്ലാനും സൂക്ഷിച്ചിട്ടില്ല.

10- മരാമത്ത് പ്രവൃത്തിയുടെ പേര്, വർഷം, ഫണ്ടിനം, ചെലവഴിച്ച തുക, സ്ഥാപനത്തിന്റെ പേര് എന്നിവ സൂചിപ്പിക്കുന്ന ഡിസ്പ്ലേ ബോർഡിനുള്ള തുക എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തുന്നില്ല.

11-മരാമത്ത് വർക്കിംഗ് ഗ്രൂപ്പ് മോണിറ്ററിംഗ് സമിതിയായി പ്രവർത്തിക്കുന്നില്ല.

12- മോണിറ്ററിംഗ് റിപ്പോർട്ട് ഇല്ല.

രേഖകളുടെ സൂക്ഷിപ്പില്ലുള്ള അപാകങ്ങൾ പൊതുമരാമത്ത് പ്രവർത്തികളുടെ കാര്യക്ഷമമായ നടത്തിപ്പിന് പ്രയാസമുണ്ടാക്കുന്നതും, പ്രവർത്തികളുടെ സമയബന്ധിതമായി നടപ്പാക്കുന്നതിന് തടസ്സമുണ്ടാകുകയും ചെയ്യുന്നുണ്ട്. പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തിയാക്കാത്ത കരാറുകരിൽ നിന്നും നിയമാനുസൃതം ഈടാക്കേണ്ട പിഴ സ്വീകരിക്കുന്നതിനും സാധിക്കാതെ വരുന്നുണ്ട്. ഇക്കാര്യത്തിൽ വർക്കിംഗ് ഗ്രൂപ്പ്, സ്റ്റാന്റിംഗ് കമ്മിറ്റി, ഭരണസമിതി എന്നിവരുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

## 1-26 ജി എസ് ടി കോമ്പൻസേഷൻ ക്ലയിം തുക നൽകൽ -സെൽഫ് ഡിക്ലറേഷൻ വാങ്ങിക്കാത്തത് - 421914 തടസ്സപ്പെടുത്തുന്നു

തൃപ്രങ്ങോട്ടൂർ ഗ്രാമ പഞ്ചായത്തിൽ 2018-19 വാർഷിക പദ്ധതിയിൽ ഏറ്റെടുത്ത പദ്ധതികൾ പൂർത്തീകരിച്ചതിനാൽ , എസ്റ്റിമേറ്റിൽ അനുവദിച്ച 3% ജി എസ് ടി തിരിച്ച് നൽകുന്നതിന് കരാറുകാർ അപേക്ഷിച്ചതിന്റെ അടിസ്ഥാനത്തിൽ തുക 4,21,914/- വിവിധ കരാറുകാർക്ക് നൽകിയിട്ടുണ്ട്. സ.ഉ(പി),2532/18 തീയതി 29-09-2018 പ്രകാരം ജി.എസ്.ടി കോമ്പൻസേഷൻ നൽകുമ്പോൾ കരാറുകാരനിൽ നിന്നും സെൽഫ് ഡിക്ലറേഷൻ വാങ്ങി സൂക്ഷിക്കണമെന്നും. കരാറുകാർക്കും തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങൾക്കും ജി.എസ്.ടി രജിസ്ട്രേഷൻ ഉണ്ടാകേണ്ടതാണെന്നും നിഷ്കർഷിച്ചിട്ടുണ്ട്. എന്നാൽ സെൽഫ് ഡിക്ലറേഷൻ വാങ്ങാതെയാണ് താഴെ പറയുന്ന കരാറുകാർക്ക് , ജി.എസ്.ടി .കോമ്പൻസേഷൻ നൽകിയിരിക്കുന്നത്.

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | അസിസ്റ്റന്റ് എഞ്ചിനീയർ |
| പ്രോജക്ട് &നം | കരാറുകാർക്ക് ജി എസ് ടി കോമ്പൻസേഷൻ ക്ലയിം തുക നൽകൽ-198/21 |
| അടങ്കൽ | 4,81,959/- (തനത് ഫണ്ട്) |
| ചെലവ് | 4,21,914/- |
| വൗച്ചർ നം. &തുക | 22000385 Dt 24.9.2020 |

| ക്രമ നം | കരാറുകാരന്റെ പേര് | നൽകിയ തുക |
|---|---|---|
| 1 | കൃഷ്ണൻ.പി.വി | 94237 |
| 2 | ബാലൻ | 62935 |
| 3 | മുഹമ്മദ് സലീം | 26591 |
| 4 | സുബാഷ്.സി.കെ | 4511 |
| 5 | ജോൺ ബെൻസ് | 18064 |
| 6 | ചന്ദ്രൻ | 26445 |
| 7 | രാജൻ.എം | 87398 |
| 8 | അമ്മദ് മാസ്റ്റർ | 44000 |
| 9 | ടി.കെ അരവിന്ദാക്ഷൻ | 25542 |
| 10 | രമേഷ് ബാബു.കെ | 32191 |
| | ആകെ | 4,21914 |

കരാറുകാരിൽ നിന്നും സെൽഫ് ഡിക്ലറേഷൻ വാങ്ങുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്ന് ഓഡിറ്റ് എൻക്വയറിയ്ക്ക് (22/23.11.2021) മറുപടി നൽകിയിട്ടുണ്ട്. തുക 421914/- തടസ്സപ്പെടുത്തുന്നു.

## 1-27 സമയബന്ധിതമായി മരാമത്ത് പദ്ധതി നടപ്പിലാക്കിയില്ല.

2020-21 വർഷം അടങ്കൽ വച്ച 94 പൊതുമരാമത്ത് പദ്ധതികളിൽ 67 എണ്ണം മാത്രമാണ് നടപ്പാക്കിയത് . ഇതിൽ 26 എണ്ണം സ്പിൽ ഓവർ പദ്ധതികളായിരുന്നു. വിശദ വിവരം താഴെ കൊടുക്കുന്നു.

| | അടങ്കൽ വച്ച എണ്ണം | വകയിരുത്തിയ തുക | ചെലവ് എണ്ണം | ചെലവഴിച്ച തുക |
|---|---|---|---|---|
| | | | | |

| | | | | |
|---|---|---|---|---|
| പുതിയ പദ്ധതികൾ | 59 | 2,07,20,000 | 41 | 1,40,91,400 |
| സ്പിൽ ഓവർ | 35 | 1,06,24,978 | 26 | 65,18,107 |
| ആകെ | 94 | 3,13,44,978 | 67 | 2,06,09,507 |

ഈ വർഷം ക്യൂ ബില്ലുകൾ ഒന്നും ഉണ്ടായിട്ടില്ല. പദ്ധതി വിഭാവനം ചെയ്ത് തുക വകയിരുത്തിയ ശേഷം നടപ്പിലാക്കാതെ പോകുന്നത് ആസൂത്രണത്തിലെ വീഴ്ചയായി ഓഡിറ്റിൽ വിലയിരുത്തുന്നു. നടപ്പാക്കാൻ സാധ്യത കുറവായ പദ്ധതികൾക്കായി തുക വകയിരുത്തി വിനിയോഗിക്കാതെ തുക ലാപ്സാകുന്ന പ്രവണത ഒഴിവാക്കേണ്ടതാണ്. ടെണ്ടർ നടപടികളും മറ്റും കൃത്യ സമയത്ത് നടത്തി ലഭ്യമായ ഫണ്ട് പൂർണ്ണമായി വിനിയോഗിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-28 പട്ടികവർഗ വിദ്യാർത്ഥികൾക്ക് ലാപ് ടോപ്-രേഖകൾ ലഭ്യമാക്കിയിട്ടില്ല.₹56330 തടസ്സപ്പെടുത്തുന്നു.

നിർവ്വഹണ ഉദ്യോഗസ്ഥൻ : അസിസ്റ്റന്റ് സെക്രട്ടറി

പ്രോജക്ടിന്റെ നമ്പറും പേരും : 230/21,പട്ടികവർഗ വിദ്യാർത്ഥികൾക്ക് ലാപ് ടോപ്

അടങ്കൽ : ₹50,000 (വികസനഫണ്ട് ടി എസ് പി)

: ₹20,000 (തനത് ഫണ്ട്)

ആകെ : ₹70,000

ചെലവ് : ₹50,000 ബിൽ നം. 11/20-21/തീയതി 12-03-2021

: ₹6,330 ചെക്ക് നം. 5577423 /തീയതി 12-03-2021

ആകെ : ₹56,330

മേൽ പ്രൊജക്ട് പ്രകാരം പട്ടികവർഗ വിഭാഗത്തിൽപ്പെട്ട രണ്ട് വിദ്യാർത്ഥികൾക്ക് ലാപ്ടോപുകൾ വാങ്ങി നൽകുന്നതിനായി കേരള സ്റ്റേറ്റ് ഐ ടി മിഷന് ₹56330 നൽകിയിട്ടുണ്ട്. പ്രോജക്ട് നടത്തിപ്പിൽ കണ്ടെത്തിയ അപാകങ്ങൾ ചുവടെ ചേർക്കുന്നു.

1-കെൽട്രോണിൽ നിന്ന് ലഭ്യമാക്കിയ പ്രൊഫോർമ ഇൻവോയ്സ് നം. TVM/ITGB/P1/RC/22935/20-21 Dated 03-03-2021 ന്റെ അടിസ്ഥാനത്തിൽ ഒരു ലാപ് ടോപിന് 28,165/- രൂപ നിരക്കിൽ 2 ലാപ് ടോപുകളുടെ തുകയായ 56,330/- രൂപ കേരള സ്റ്റേറ്റ് ഐ ടി മിഷന് നൽകിയിട്ടുണ്ട്. കെൽട്രോണിൽ നിന്നുള്ള പ്രൊഫോർമ ഇൻവോയ്സ് മാത്രമാണ് ഫയലിൽ സൂക്ഷിച്ചിട്ടുള്ളത്. സ്ഥാപനത്തിൽ നിന്നുള്ള യഥാർത്ഥ ടാക്സ് ഇൻവോയിസ് ബില്ല് പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

2- ഗുണഭോക്താക്കളുടെ പേര് വിവരങ്ങൾ, പഠിക്കുന്ന കോഴ്സ് എന്നിവ ലഭ്യമല്ല.

3- ലാപ്ടോപ് വിതരണം സംബന്ധിച്ച രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.
മേൽ അപാകങ്ങൾ സൂചിപ്പിച്ചു കൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 11 തീയതി 21-11-21) മറുപടി ലഭ്യമാക്കിയിട്ടില്ല. രേഖകളുടെ അഭാവത്തിൽ 56,330/- രൂപ തടസ്സപ്പെടുത്തുന്നു.

## 1-29 പഠനമുറി നിർമ്മാണം - രേഖകൾ ലഭ്യമാക്കിയിട്ടില്ല. ₹5,22,000 തടസ്സപ്പെടുത്തുന്നു

നിർവ്വഹണ ഉദ്യോഗസ്ഥൻ : അസിസ്റ്റന്റ് സെക്രട്ടറി
1-പ്രോജക്ടിന്റെ നമ്പറും പേരും : 11/21,പട്ടികജാതി വിഭാഗത്തിൽ പെട്ട വിദ്യാർത്ഥികൾക്ക് പഠനമുറി

അടങ്കൽ : ₹400000 വികസനഫണ്ട് എസ് സി പി)

ചെലവ് :₹ 50000 ബിൽ നം 8/20-21/തീയതി 27-2-21

₹50000ബിൽ നം 9/20-21/തീയതി 27-2-21

₹122000ബിൽ നം 18/20-21/തീയതി 30-3-21

പ്രൊജക്ട് നം 11/21 പ്രകാരം പട്ടികജാതി വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് പഠനമുറി നിർമ്മിക്കുന്നതിനായി തൻ വർഷം 50,000/-രൂപ ശ്രീ രാജീവൻ കെ കെ എന്ന ഗുണഭോക്താവിനും 1,72,000/- രൂപ ശ്രീമതി ലിബിന പി എന്ന ഗുണഭോക്താവിനും നൽകിയിട്ടുണ്ട്.

2-പ്രോജക്റ്റിന്റെ നമ്പറും പേരും : 156/21,പട്ടികജാതി വിഭാഗത്തിൽ പെട്ട വിദ്യാർത്ഥികൾക്ക് പഠനമുറി

അടങ്കൽ : ₹150000 (വികസനഫണ്ട് എസ് സി പി)

ചെലവ് : ₹150000 ബിൽ നം 5/20-21/തീയതി 17-4-20

പ്രൊജക്റ്റ് നം 156/21 പ്രകാരംപട്ടികജാതി വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് പഠനമുറി നിർമ്മിക്കുന്നതിനായി തൻ വർഷം 75,000/- രൂപ വീതം ശ്രീ നാണു എ പി ,ശ്രീ പ്രദീപൻ കെ കെ എന്നീ ഗുണഭോക്താക്കൾക്ക് നൽകിയിട്ടുണ്ട് (1,25,000/- രൂപ വീതം പ്രൊജക്റ്റ് നം 22/20 പ്രകാരം 2019-20 വർഷം അനുവദിച്ചിട്ടുണ്ട് ).

3-പ്രോജക്റ്റിന്റെ നമ്പറും പേരും : 159/21,പട്ടികവർഗ വിദ്യാർത്ഥികൾക്ക് പഠനമുറി

അടങ്കൽ :₹ 150000(വികസനഫണ്ട് ടി എസ് പി)

ചെലവ് : ₹75000 ബിൽ നം 1/20-21/തീയതി 17-4-20

:₹ 75000 ബിൽ നം 4/20-21/തീയതി 17-4-20

പ്രൊജക്റ്റ് നം 159/21 പ്രകാരം പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് പഠനമുറി നിർമ്മിക്കുന്നതിനായി തൻ വർഷം 1,50,000/- രൂപ ശ്രീ സുകുമാരൻ ടി എന്ന ഗുണഭോക്താവിന് നൽകിയിട്ടുണ്ട്. (50,000/- രൂപ പ്രൊജക്റ്റ് നം 35/20 പ്രകാരം 2019-20 വർഷം അനുവദിച്ചിട്ടുണ്ട് ).

14.02.2018 സബ്സിഡി മാർഗ്ഗരേഖ ജി.ഒ.(എം.എസ്.) നമ്പർ 22/2018/തസ്വഭവ ഖണ്ഡിക 7.2.17പ്രകാരം 800 ചതുരശ്ര അടിയിൽ അധികരിക്കാത്ത വീടുകൾക്ക് 120 ചതുരശ്ര അടിയിൽ അധികരിക്കാത്ത മുറി നിർമിക്കുന്നതിന് എൽ.എസ്.ജി.ഡി. എഞ്ചിനീയറുടെ മൂല്യനിർണയത്തിന്റെ അടിസ്ഥാനത്തിൽ 2,00,000/- രൂപ അനുവദിക്കാവുന്നതാണ്. എന്നാൽ അപ്രകാരമുള്ള മൂല്യനിർണയ പത്രിക ഫയലിൽ സൂക്ഷിച്ചതായി കാണുന്നില്ല. തുക നൽകിയതിന്റെ ബില്ല് മാത്രമാണ് പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടുള്ളത്. ആയതിനാൽ മേൽ സൂചിപ്പിച്ച മൂന്ന് പദ്ധതികളിലെ ഗുണഭോക്താക്കളുടെയും നിലവിലുള്ള വീട് 800 ചതുര അടിയിൽ താഴെ വിസ്തീർണ്ണമുള്ളതാണെന്നോ മാർഗരേഖയ്ക്കനുസൃതമായി നിർമ്മാണം പൂർത്തിയായിട്ടുണ്ടോ എന്നും വ്യക്തമല്ല. ആയത് വ്യക്തമാക്കുന്നതിനാവശ്യമായ രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണെന്നറിയിച്ച് കൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.12 തീയതി 21-11-2021) മറുപടി ലഭ്യമാക്കിയിട്ടില്ല. രേഖകളുടെ അഭാവത്തിൽ ₹522000 തടസ്സപ്പെടുത്തുന്നു.

## <u>1-30 തുറന്ന കിണർ നിർമാണം-രേഖകൾ ലഭ്യമാക്കിയിട്ടില്ല.₹126000 തടസ്സപ്പെടുത്തുന്നു</u>

നിർവ്വഹണ ഉദ്യോഗസ്ഥൻ : അസിസ്റ്റന്റ് സെക്രട്ടറി

പ്രോജക്റ്റിന്റെ നമ്പറും പേരും : 15/21, തുറന്ന കിണർ നിർമാണം (പട്ടികജാതി)

അടങ്കൽ : 3,00,000/- (വികസനഫണ്ട് എസ് സി പി)

ചെലവ് : 1,26,000/- ബിൽ നം 16/20-21/തീയതി 30-3-21

മേൽ പ്രൊജക്റ്റ് പ്രകാരം അഷിന എൻ എന്ന ഗുണഭോക്താവിന് 42,000/- രൂപയും രമേശൻ ടി ടി എന്ന എന്ന ഗുണഭോക്താവിന് 84,000/- രൂപയും നൽകിയിട്ടുണ്ട്. 14.02.2018 സബ്സിഡി മാർഗ്ഗരേഖ ജി.ഒ.(എം.എസ്.) നമ്പർ 22/2018/തസ്വഭവ ഖണ്ഡിക 6.6(1) പ്രകാരം പട്ടിക ജാതി വിഭാഗങ്ങൾക്ക് യഥാർത്ഥ ചെലവ് അനുവദിക്കാവുന്നതാണ്. മുൻവർഷങ്ങളിൽ ആനുകൂല്യം ലഭിക്കാത്തവരും പൊതുകുടിവെള്ള സംവിധാനത്തിൽ നിന്നും ഹൗസ് കണക്ഷൻ ലഭിക്കാൻ സാധ്യതയില്ലാത്തവർക്കുമാണ് ആനുകൂല്യത്തിന് അർഹതയുള്ളത്. കൂടാതെ കിണർ റീചാർജ് സംവിധാനം ഒരുക്കേണ്ടതാണെന്നും നിഷ്കർഷിച്ചിട്ടുണ്ട്. ഓഡിറ്റിന് ലഭ്യമാക്കിയ ഫയലിൽ പ്രകാരം തുക നൽകിയതിന്റെ ബില്ല് മാത്രമാണ് ലഭ്യമാക്കിയിട്ടുള്ളത്.ആയതിനാൽ യഥാർത്ഥത്തിൽ ചെലവായ തുക എത്രയാണെന്നും പ്രൊജക്റ്റ് നിർവ്വഹണത്തിൽ മാർഗരേഖ നിർദ്ദേശങ്ങൾ പാലിച്ചിട്ടുണ്ടോയെന്നും വ്യക്തല്ല.ആയത് വ്യക്തമാക്കുന്നതിനാവശ്യമായ രേഖകൾ ലഭ്യമാക്കേണ്ടതാണെന്നറിയിച്ചുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.14 തീയതി 21-11-21) മറുപടി ലഭ്യമാക്കിയിട്ടില്ല.രേഖകളുടെ അഭാവത്തിൽ ചെലവ് തുകയായ ₹126000 തടസ്സപ്പെടുത്തുന്നു.

## <u>1-31 തുറസ്സായ കുടിവെള്ള കിണറുകൾ ശുചിത്വ കിണറുകളാക്കി മാറ്റൽ-രേഖകൾ ലഭ്യമാക്കിയിട്ടില്ല.₹126500 തടസ്സപ്പെടുത്തുന്നു.</u>

നിർവ്വഹണ ഉദ്യോഗസ്ഥൻ : അസിസ്റ്റന്റ് സെക്രട്ടറി

പ്രോജക്റ്റിന്റെ നമ്പറും പേരും : 150/21, തുറസ്സായ കുടിവെള്ള കിണറുകൾ ശുചിത്വ കിണറുകളാക്കി മാറ്റൽ (പട്ടികജാതി)

അടങ്കൽ : 1,99,000/- (വികസനഫണ്ട് എസ് സി പി)

: 1,000/- (തനത് ഫണ്ട്)

ചെലവ് : 50,000/- ബിൽ നം.10/20-21/തീയതി 27-2-21

:76,500/- ബിൽ നം.17/20-21/തീയതി 30-3-21

മേൽ പ്രൊജക്ട് പ്രകാരം രാധാകൃഷ്ണൻ എന്ന ഗുണഭോക്താവിന് 50,000/- രൂപയും റീന എം പി എന്ന എന്ന ഗുണഭോക്താവിന് 32,500/- രൂപയും ഉഷ എൻ കെ എന്ന ഗുണഭോക്താവിന് 44,000/- രൂപയും നൽകിയിട്ടുണ്ട്. 14.02.2018 സബ്സിഡി മാർഗ്ഗരേഖ ജി.ഒ.(എം.എസ്.) നമ്പർ 22/2018/തസ്വഭവ ഖണ്ഡിക 6.6(1) പ്രകാരം പട്ടികജാതി വിഭാഗങ്ങൾക്ക് യഥാർത്ഥ ചെലവ് അനുവദിക്കാവുന്നതാണ്. എന്നാൽ എഞ്ചിനീയർ വാലുവേഷൻ എടുക്കേണ്ടതാണെന്നും ഗുണഭോക്താക്കൾ മുൻവർഷങ്ങളിൽ ആനുകൂല്യം ലഭിക്കാത്തവർ ആയിരിക്കണമെന്നും നിഷ്കർഷിച്ചിട്ടുണ്ട്. ഓഡിറ്റിന് ലഭ്യമാക്കിയ ഫയലിൽ പ്രകാരം തുക നൽകിയതിന്റെ ബില്ല് മാത്രമാണ് സൂക്ഷിച്ചിട്ടുള്ളത്. ആയതിനാൽ യഥാർത്ഥത്തിൽ ചെലവായ തുക എത്രയാണെന്നും പ്രൊജക്ട് നിർവ്വഹണത്തിൽ മാർഗരേഖ നിർദ്ദേശങ്ങൾ പാലിച്ചിട്ടുണ്ടോയെന്നും വ്യക്തമല്ല. ആയത് വ്യക്തമാക്കുന്നതിനാവശ്യമായ രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണെന്നറിയിച്ചു കൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 13 തീയതി 21-11-21) മറുപടി ലഭ്യമാക്കിയിട്ടില്ല. രേഖകളുടെ അഭാവത്തിൽ ചെലവ് തുകയായ ₹126500 തടസ്സപ്പെടുത്തുന്നു.

## 1-32 സ്കൂളുകൾക്കും അംഗൻവാടികൾക്കും റിംഗ് കമ്പോസ്റ്റ് – തുടർ പരിപാലനം നിരീക്ഷിക്കേണ്ടതാണ്

| | |
|---|---|
| നിർവ്വഹണം | വി.ഇ.ഒ, തൃപ്രങ്ങോട്ടൂർ |
| പ്രോജക്റ്റ് നമ്പർ/ പേര് | 47/21, സ്കൂളുകൾക്കും അംഗൻവാടികൾക്കും റിംഗ് കമ്പോസ്റ്റ് |
| അടങ്കൽ | ₹ 120000 കേന്ദ്രാവിഷ്കൃത വിഹിതം |
| ചെലവ് | ₹ 119520 |
| വൗച്ചർ നമ്പർ / തീയതി | 22000893/19-03-2021 |

ഇൻവോയ്സ് നമ്പർ 21/12-03-2021 പ്രകാരം 48 റിംഗ് കമ്പോസ്റ്റ് വാങ്ങി 19 സ്കൂളുകൾക്കും 29 അങ്കണവാടികൾക്കും വിതരണം ചെയ്തിട്ടുണ്ട്. പ്രസ്തുത റിംഗ് കമ്പോസ്റ്റുകൾ സ്ഥാപനങ്ങളിൽ സ്ഥാപിച്ചിട്ടുണ്ടോയെന്നും മാലിന്യ പരിപാലനം എന്ന ലക്ഷ്യം കൈവരിച്ചിട്ടുണ്ടോയെന്നും ഓഡിറ്റിനെ അറിയിക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.23/23-11-2021) ലഭ്യമാക്കിയ മറുപടിയിൽ 19 സ്കൂളുകളിലും 29 അംഗൻവാടികളിലും റിംഗ് കമ്പോസ്റ്റ് സ്ഥാപിച്ചിട്ടുണ്ടെന്ന് അറിയിച്ചിട്ടുണ്ട്. ആയതിന്റെ തുടർ പരിപാലനം ബന്ധപ്പെട്ടവർ നിരീക്ഷിക്കേണ്ടതാണ്.

## 1-33 ഭിന്നശേഷിയുള്ള വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ്- അർഹമായ തുക അനുവദിക്കേണ്ടതാണ്

നിർവ്വഹണഉദ്യോഗസ്ഥൻ : ഐ സി ഡി എസ് സൂപ്പർവൈസർ
പ്രൊജക്ടിന്റെ നമ്പറും പേരും :19/21, ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ്

അടങ്കൽ :₹375000വികസന ഫണ്ട്

:₹162500 ബ്ലോക്ക് പഞ്ചായത്ത് വിഹിതം

: ₹162500 ജില്ലാ പഞ്ചായത്ത് വിഹിതം

ആകെ : ₹700000

ചെലവ് :₹373400 ബിൽ നം. 6/2020-21 തീയതി 23-1-21

₹162500 ബിൽ നം. 7/2020-21 തീയതി 29-1-21

മേൽ പ്രൊജക്ട് പ്രകാരം ഭിന്നശേഷിയുള്ള വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് നൽകുന്നതിനായി 2020-21 വർഷം

5,35,900/- രൂപ ചെലവഴിച്ചിട്ടുണ്ട്. മാനസിക വെല്ലുവിളി നേരിടുന്ന ഒരു കുട്ടിയ്ക്ക് 9,000/- രൂപ വീതമാണ് സ്കോളർഷിപ്പ് നല്കിയിട്ടുള്ളത്. സബ്സിഡി മാർഗ്ഗരേഖ ജി.ഒ.(എം.എസ്.) നമ്പർ 22/2018/തസ്വഭവ/14.02.2018 ഖണ്ഡിക 7.1.6(ബി) പ്രകാരം മാനസിക വെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥികൾക്ക് പ്രതിവർഷം 28,500/- രൂപ

സ്കോളർഷിപ്പ് തുക അനുവദിക്കാവുന്നതാണ് എന്ന് നിഷ്കർഷിച്ചിട്ടുണ്ട്. ഇപ്രകാരം വിദ്യാർത്ഥികൾക്ക് അർഹതപ്പെട്ട നിരക്കിൽ സ്കോളർഷിപ്പ് തുക നൽകാത്തതിന് കാരണം അറിയിക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.5/18-11-2021) ലഭ്യമാക്കിയ മറുപടിൽ ജില്ലാ പഞ്ചായത്ത് വിഹിതം ലഭ്യമായിട്ടില്ലാത്തതിനാലാണ് അർഹമായ തുക അനുവദിക്കാൻ കഴിയാതെ പോയത് എന്ന് അറിയിച്ചിട്ടുണ്ട്. 29-01-2018 ലെ സ.ഉ.(കൈ)നമ്പർ 11/2018/ത.സ്വ.ഭ.വ ഉത്തരവിലെ ഖണ്ഡിക 5.2 പ്രകാരം ഭിന്നശേഷിക്കാർക്കുള്ള സ്കോളർഷിപ്പും ബത്തയും എന്നത് അനിവാര്യ വകയിരുത്തലിൽ ഉൾപ്പെട്ടതാണ്. വരും വർഷങ്ങളിൽ ഭിന്നശേഷിക്കാർക്ക് അർഹമായ മുഴുവൻ തുകയും വകയിരുത്തി പ്രോജക്ട് രൂപീകരിക്കേണ്ടതിലേക്കും അവരുടെ ജീവിതനിലവാരം മെച്ചപ്പെടുത്തുന്നതിലേക്കും സാമൂഹ്യനീതി ഉറപ്പു വരുത്തുന്നതിലേക്കും ഭരണ നിർവ്വഹണാധികാരികളുടെ ശ്രദ്ധ ക്ഷണിക്കുന്നു.

## 1-34 മരുന്ന് പൂർണമായും ലഭ്യമായിട്ടില്ല.

നിർവ്വഹണ ഉദ്യോഗസ്ഥൻ : മെഡിക്കൽ ഓഫീസർ (പി എച്ച് സി)

1-പ്രോജക്ടിന്റെ നമ്പറും പേരും : 26/21 ,സാന്ത്വന പരിചരണം

അടങ്കൽ : : ₹460325 (വികസനഫണ്ട് )

: : ₹2400 (തനത് ഫണ്ട്)

: ₹177520 ( ജില്ലാപഞ്ചായത്ത് വിഹിതം)

ആകെ : ₹640245

ചെലവ് : ₹418641 (വികസനഫണ്ട് )

: ₹2400 (തനത് ഫണ്ട് )

: ₹177520 (ജില്ലാപഞ്ചായത്ത് വിഹിതം)

ആകെ : ₹598561

മേൽ പ്രൊജക്ടിന്റെ ഭാഗമായി മരുന്ന് ലഭ്യമാക്കുന്നതിനായി കേരള മെഡിക്കൽ സർവ്വീസ് കോപ്പറേറ്റീവ് ലിമിറ്റഡിന്റെ 13-10-20ലെ 2918 നമ്പർ പ്രഫോർമ ഇൻഫോയിസിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത സ്ഥാപനത്തിന് ബിൽ നം. 18/20-21 തീയതി 27-3-21 പ്രകാരം 1,77,520/- രൂപ കൈമാറിയിട്ടുണ്ട്. ഓഡിറ്റിന് ലഭ്യമാക്കിയ സ്റ്റോക്ക് രജിസ്റ്റർ പരിശോധിച്ചതിൽ പ്രകാരം 63,928/- രൂപയുടെ മരുന്ന് സ്റ്റോക്കിലെടുത്തിട്ടുണ്ട്. ബാക്കി 1,13,592/- രൂപയുള്ള മരുന്ന് ലഭ്യമായിട്ടില്ല.

2-പ്രോജക്ടിന്റെ നമ്പറും പേരും : 29/21 , പി എച്ച് സി ക്ക് മരുന്ന് വാങ്ങൽ

അടങ്കൽ : ₹1000000 (മെയിന്റനൻസ് ഫണ്ട്-റോഡിതരം )

ചെലവ് : ₹500000 ബിൽ നം2/20-21 തീയതി 20-8-20

: ₹500000 ബിൽ നം4/20-21 തീയതി 27-10-20

മേൽ പ്രൊജക്ടിന്റെ ഭാഗമായി പി എച്ച് സി ക്ക് മരുന്ന് ലഭ്യമാക്കുന്നതിനായി കേരള മെഡിക്കൽ സർവ്വീസ് കോപ്പറേറ്റീവ് ലിമിറ്റഡിന്റെ 14-8-20ലെ 1883നമ്പർപ്രഫോർമ ഇൻഫോയിസ്, 27-10-20ലെ 3048 നമ്പർ പ്രഫോർമ ഇൻവോയിസ് എന്നിവയുടെ അടിസ്ഥാനത്തിൽ പ്രസ്തുത സ്ഥാപനത്തിന് 10,00,000/- രൂപ കൈമാറിയിട്ടുണ്ട്. ഓഡിറ്റിന് ലഭ്യമാക്കിയ സ്റ്റോക്ക് രജിസ്റ്റർ പരിശോധിച്ചതിൽ പ്രകാരം 7,82,021/- രൂപയുടെ മരുന്ന് സ്റ്റോക്കിലെടുത്തിട്ടുണ്ട്. ബാക്കി 2,17,979/- രൂപയുള്ള മരുന്ന് ലഭ്യമായിട്ടില്ല.
ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 7 തീയതി 18-11-21) ലഭ്യമാക്കിയ മറുപടിയിൽ മരുന്ന് ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് അറിയിച്ചിട്ടുണ്ട്. മരുന്ന് ലഭ്യമാകുന്ന മുറയ്ക്ക് സ്റ്റോക്ക് രജിസ്റ്ററിൽ ചേർത്ത് വിവരം അറിയിക്കേണ്ടതാണ്.

## 1-35 പാലിയേറ്റീവ് കെയർ നഴ്സിന് ഓണറേറിയം മുൻകൂറായി അനുവദിച്ചു.

നിർവ്വഹണ ഉദ്യോഗസ്ഥൻ : മെഡിക്കൽ ഓഫീസർ (പി എച്ച് സി)

പ്രോജക്ടിന്റെ നമ്പറും പേരും : 26/21 ,സാന്ത്വന പരിചരണം

അടങ്കൽ : ₹460325 (വികസനഫണ്ട് )

: ₹2400 (തനത് ഫണ്ട്)

: ₹177520 ( ജില്ലാപഞ്ചായത്ത് വിഹിതം)

ആകെ : ₹640245

ചെലവ് : ₹418641 (വികസനഫണ്ട്)

: ₹2400 (തനത് ഫണ്ട്)

: ₹177520 (ജില്ലാപഞ്ചായത്ത് വിഹിതം)

ആകെ : ₹598561

മേൽ പദ്ധതിയുടെ ഭാഗമായി ബിൽ നം. 17/2020-21 തീ.23-3-2021 പ്രകാരം ചെലവഴിച്ച 43,378/- രൂപയിൽ 18,030/- രൂപ മാർച്ച് മാസത്തെ ഓണറേറിയമായി പാലിയേറ്റീവ് കെയർ നഴ്സിന് കൈമാറിയിട്ടുണ്ട്. 01-03-2021 മുതൽ 31-03-2021 വരെയുള്ള ഓണറേറിയം 23-03-2021 തീയതിയിൽ കൈപ്പറ്റിയതായി പാലിയേറ്റീവ് കെയർ നഴ്സ് സാക്ഷ്യപ്പെടുത്തിയിട്ടുമുണ്ട്. 23-3-21 തീയതിയിൽ പ്രസ്തുത ചെലവ് സംബന്ധിച്ച് ക്യാഷ് ബുക്കിൽ രേഖപ്പെടുത്തിയിട്ടുമുണ്ട്. പാലിയേറ്റീവ് കെയർ നഴ്സിന് പ്രവർത്തി ചെയ്ത ഓരോ മാസത്തെയും ഓണറേറിയം അടുത്തമാസം 10-ാം തീയതിക്കു മുമ്പായി നൽകണമെന്നാണ് പാലിയേറ്റീവ് പരിചരണ പ്രവർത്തനങ്ങൾ സംബന്ധിച്ച മാർഗ്ഗരേഖയിൽ (07-03-2019ലെ സ.ഉ(സാധാ)നം553/19/തസ്വഭവ, ഖണ്ഡിക 2.13.6) നിഷ്കർഷിച്ചിട്ടുള്ളത്. ഇതു സംബന്ധിച്ച നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.8 തീയതി 18-11-21) ലഭ്യമാക്കിയ മറുപടിയിൽ ഹോംകെയർ പൂർത്തിയാക്കിയത് കൊണ്ടും, നഴ്സ് സമർപ്പിക്കുന്ന അഡ്വാൻസ് ടൂർ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലുമാണ് തുക നൽകിയതെന്ന് അറിയിച്ചിട്ടുണ്ട്. ഉത്തരവിലെ നിബന്ധനകൾ പാലിക്കാതെ മുൻകൂറായി തുക അനുവദിച്ചത് ഉചിതമായ നടപടിയല്ല. ഭാവിയിൽ അപാകം ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-36 തുടർ സാക്ഷരത -തുടർ നടപടികളുടെ വിവരം ലഭ്യമാക്കേണ്ടത്

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | ഹെഡ്മാസ്റ്റർ |
| പ്രോജക്ട് &നം. | തുടർ സാക്ഷരത പ്രവർത്തനങ്ങൾ -24/21 |
| അടങ്കൽ | 80,000/- വികസന ഫണ്ട് പൊതു വിഭാഗം -സാധാരണ വിഹിതം<br>2,250/– തനത് ഫണ്ട് |
| ചെലവ് | 80,000/-<br>900/- |
| ബിൽ /വൗച്ചർ നം & തീയതി | 20220752009801270881 Dt 17.3.21- 80,000/-<br>വൗച്ചർ നം. 220000903 Dt 17.3.21- 900/- |

പത്താം തരം, ഹയർ സെക്കണ്ടറി പഠിതാക്കൾക്കുള്ള തുടർ സാക്ഷരത പ്രവർത്തനങ്ങൾക്ക് വേണ്ടി മേൽ തുക ചെലവഴിച്ചിട്ടുണ്ട്. വിശദ വിവരം താഴെ കൊടുക്കുന്നു.

| കോഴ്സ് | പഠിതാക്കളുടെ എണ്ണം |
|---|---|
| പത്താം തരം | 37 |
| ഹയർ സെക്കണ്ടറി | 5 |

പഠിതാക്കൾ കോഴ്സ് പൂർത്തീകരിച്ചതിന്റേയും, പരീക്ഷ നടത്തിപ്പിന്റെയും വിശദവിവരം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (1/17.11.21) പഠിതാക്കൾ ഇപ്പോഴും പഠനം തുടരുകയാണ് എന്നാണ് മറുപടി ലഭ്യമാക്കിയത്. തുടർ നടപടികളുടെ വിവരം ലഭ്യമാക്കേണ്ടതാണ്.

# ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4

### 4-1 വാർഷിക ധനകാര്യ സാക്ഷ്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരങ്ങൾ

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2020-21 | 09.11.2021 &10.11.2021 | കെ.എസ്.എ./കെ.എൻ.ആർ./സി.8/1356 / 2021 തീയ്യതി: 18.12.2021. |

### 4-2 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | മുന്നിരിപ്പ് | ലഭിച്ച തുക | പ്രൊജക്ട് നം,പേര് | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| കൂത്തുപറമ്പ് ബ്ലോക്ക് പഞ്ചായത്ത് | 0 | 85000 | 141/21, നെൽകൃഷിക്ക് കൂലിച്ചെലവ് സബ്സിഡി | 85000 | 0 |
| കൂത്തുപറമ്പ് ബ്ലോക്ക് പഞ്ചായത്ത് | 0 | 25500 | 142/21, പച്ചക്കറികൃഷിക്ക് കൂലിച്ചെലവ് സബ്സിഡി | 25500 | 0 |
| കൂത്തുപറമ്പ് ബ്ലോക്ക് പഞ്ചായത്ത് | 0 | 162500 | 19/21, ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് | 162500 | 0 |
| കൂത്തുപറമ്പ് ബ്ലോക്ക് പഞ്ചായത്ത് | 0 | 40000 | 139/21, പാലിന് സബ്സിഡി | 40000 | 0 |
| കണ്ണൂർ ജില്ലാ പഞ്ചായത്ത് | 0 | 37500 | 203/21,ആട്ടുവളർത്തൽ-മിനിൽ ഫാം നൂതനം | 37500 | 0 |
| കണ്ണൂർ ജില്ലാ പഞ്ചായത്ത് | 0 | 177520 | 26/21, സാന്ത്വന പരിചരണം | 177520 | 0 |
| കണ്ണൂർ ജില്ലാ പഞ്ചായത്ത് | 0 | 180357 | 206/21, വീട്ടുവളപ്പിൽ ബയോഫ്ലോക്ക് (ഗിഫ്റ്റ് തിലാപ്പിയ) | 180357 | 0 |

### 4-3 നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഇല്ല

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയതിന്റെ വിവരങ്ങൾ

ഇല്ല

## 4-5 വായ്പ / വായ്പ തിരിച്ചടവ്

തൻവർഷം പഞ്ചായത്തിന് വായ്പ ഇനത്തിൽ വരവില്ല. ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റേയും വർഷാവസാനം തിരിച്ചടക്കാൻ അവശേഷിയ്ക്കുന്ന വായ്പ തുകയുടേയും വിശദ വിവരം താഴെകൊടുക്കുന്നു

| വായ്പ ഇനം | വായ്പ തുക | ഉത്തരവ് | മുൻവർഷാരംഭത്തിൽ തിരിച്ചടക്കാൻ ഉണ്ടായ തുക | ഒടുക്കിയ തുക | | നീക്കിയിരിപ്പ് |
|---|---|---|---|---|---|---|
| | | | | തുക | പലിശ | |
| ലൈഫ് ഭവന പദ്ധതി | 9821307 | ലഭ്യമല്ല | 6662483 | 585176 | 0 | 6077307 |

## 4-6 സ്ഥിരനിക്ഷേപം

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിരനിക്ഷേപം | 1741869 |
| തൻവർഷം നിക്ഷേപിച്ച തുക | 129857 |
| ആകെ | 1871726 |
| തന്നാണ്ടിൽ പിൻവലിച്ച തുക | 0 |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 1871726 |

വർഷാവസാനം അവശേഷിക്കുന്ന സ്ഥിര നിക്ഷേപങ്ങളുടെ വിവരം

| ക്രമ നമ്പർ | സ്ഥാപനത്തിന്റെ പേര് (ബാങ്ക്/ട്രഷറി/ പോസ്റ്റ് ഓഫീസ്) | നിക്ഷേപിച്ചതിന്റെ വിവരം | തുക | അക്കൗണ്ട് നം. | കാലാവധി |
|---|---|---|---|---|---|
| 1 | പൊയിലൂർ സർവ്വീസ് സഹകരണ ബാങ്ക് പലിശ 7.75% | എഫ്.ഡി നമ്പർ. 12357/15.05.2020) | 251676 | ഇല്ല | 15.05.2021 |
| 2 | പൊയിലൂർ സർവ്വീസ് സഹകരണ ബാങ്ക് പലിശ 7.75% | എഫ്.ഡി നമ്പർ. 12356/15.05.2020) | 262748 | ഇല്ല | 15.05.2021 |
| 3 | കണ്ണൂർ ജില്ലാ കോ-ഓപ്പറേറ്റീവ് ബാങ്ക് പലിശ 6.75% | (എഫ്.ഡി നമ്പർ. 039133/21-11-2020) | 1357302 | 1053512000001 | 21.11.2021 |

## 4-7 ഓഡിറ്റ് റിക്കവറി

ഇല്ല

## 4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകൾ സംബന്ധിച്ച വിവരങ്ങൾ

ഇല്ല

## 4-9 ചാർജ്/സർചാർജ് നടപടികൾ സംബന്ധിച്ച വിവരം

ഇല്ല

## 4-10 ഓഡിറ്റ് പ്രത്യവലോകനം

**(എ) സംക്ഷിപ്ത വിവരം**

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 5,86,46,800.00 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 7,65,72,851.00 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/<br>ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 25,05,653 |

**(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം**

**ഇല്ല**

**ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക**

| ഖണ്ഡിക നമ്പർ | തടസ്സപ്പെടുത്തിയ തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-16 | 6,14,250/- | ശ്രീ.ടി.എം.ഉണ്ണികൃഷ്ണൻ(സെക്രട്ടറി )- 2,39,250/-<br>ശ്രീ.മുസ്തഫ.ടി.പി (സെക്രട്ടറി ) - 3,75,000/- |
| 1-17 | 3,19,950 /- | ശ്രീ.ടി.എം.ഉണ്ണികൃഷ്ണൻ(സെക്രട്ടറി )- 1,82,095/-<br>ശ്രീമതി.നിഷ അച്ച്യതൻ(സെക്രട്ടറി)-1,37,855/- |
| 1-23 | 3,18,709/- | ശ്രീമതി.ധന്യ .(അസിസ്റ്റന്റ് എഞ്ചിനീയർ) |
| 1-26 | 4,21,914/- | ശ്രീ.ദിലീഷ്.കെ,(അസിസ്റ്റന്റ് എഞ്ചിനീയർ) |
| 1-28 | 56,330/- | ശ്രീ.മോഹനൻ.എം.എ,(അസിസ്റ്റന്റ് സെക്രട്ടറി) |
| 1-29 | 5,22,000 | ശ്രീ.മോഹനൻ.എം.എ(അസിസ്റ്റന്റ് സെക്രട്ടറി) |
| 1-30 | 1,26,000 | ശ്രീ.മോഹനൻ.എം.എ(അസിസ്റ്റന്റ് സെക്രട്ടറി) |
| 1-31 | 1,26,500 | ശ്രീ.മോഹനൻ.എം.എ(അസിസ്റ്റന്റ് സെക്രട്ടറി) |
| **ആകെ** | **25,05,653/-** | |

**(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവയ്ക്കുണ്ടായ നഷ്ടത്തിന്റെ വിവരം**

**ഇല്ല**

**(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ**

ഇല്ല

**(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും**

| പേര്,തസ്തിക | ഔദ്യോഗിക വിലാസം | സ്ഥിരം വിലാസം |
|---|---|---|
| ശ്രീ.ടി.എം.ഉണ്ണികൃഷ്ണൻ<br>(സെക്രട്ടറി) | അവധിയിൽ | പുതിയ മഠം ,<br>കോലാരി,മട്ടന്നൂർ |
| | | |

| | | |
|---|---|---|
| ശ്രീ.മുസ്തഫ.ടി.പി (സെക്രട്ടറി ) | സെക്രട്ടറി തൂപ്രങ്ങോട്ടൂർ ഗ്രാമ പഞ്ചായത്ത് | തൗഫീക്ക് പാർക്ക്, ചെണ്ടയാട്,മൊകേരി (പി ഒ) |
| ശ്രീമതി.നിഷ അച്ചുതൻ (സെക്രട്ടറി) | റിട്ടയർ ചെയ്തു | ജാനകീ പുരം (H), നിർമ്മലഗിരി |
| ശ്രീമതി.ധന്യ (അസിസ്റ്റന്റ് എഞ്ചിനീയർ) | അസിസ്റ്റന്റ് എഞ്ചിനീയർ) ധർമ്മടം ഗ്രാമ പഞ്ചായത്ത് | കക്കടമ്പത്ത്, ചിറക്ക് താഴെ, കിഴുന്ന (പി ഒ) |
| ശ്രീ.മോഹനൻ.എം.എ (അസിസ്റ്റന്റ് സെക്രട്ടറി) | മരണപ്പെട്ടു | |
| ശ്രീ.ദിലീഷ്.കെ, (അസിസ്റ്റന്റ് എഞ്ചിനീയർ) | അസിസ്റ്റന്റ് എഞ്ചിനീയർ, തൂപ്രങ്ങോട്ടൂർ ഗ്രാമപഞ്ചായത്ത് | ആരാധന, കോവൂർ നോർത്ത്, എരുവട്ടി.പി.ഒ. |

## 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകളുടെ വിവരം

| ഓഡിറ്റ് റിപ്പോർട്ട് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1998-1999 | കെ.എസ്.എ/കെ.എൻ.ആർ/സി.8 /779/ 2019/28-05-2019 | 01 |
| 1999-2000 (പദ്ധതിയേതരം) | കെ.എസ്.എ/കെ.എൻ.ആർ/സി.8/779/ 2019/28-05-2019 | 01 |
| 1999-20(പദ്ധതി) | കെ.എസ്.എ/കെ.എൻ.ആർ/സി.8/779/ 2019/28-05-2019 | 03 |
| 2001-2002(പദ്ധതി) | കെ.എസ്.എ/കെ.എൻ.ആർ/സി.8/779/ 2019/28-05-2019 | 01 |
| 2002-2003 | കെ.എസ്.എ/കെ.എൻ.ആർ/സി.8/779/ 2019/28-05-2019 | 14 |
| 2003-2004 | കെ.എസ്.എ/കെ.എൻ.ആർ/സി.8/779/ 2019/28-05-2019 | 17 |
| 2004-2005 | കെ.എസ്.എ/കെ.എൻ.ആർ/സി.8/779/ 2019/28-05-2019 | 11 |
| 2005-2006 | കെ.എസ്.എ/കെ.എൻ.ആർ/സി.8/779/ 2019/28-05-2019 | 9 |
| 2006-2007 | കെ.എസ്.എ/കെ.എൻ.ആർ/സി.8/779/ 2019/28-05-2019 | 9 |
| 2007-2008 | കെ.എസ്.എ/കെ.എൻ.ആർ/സി.8/779/ 2019/28-05-2019 | 27 |
| 2008-2009 | കെ.എസ്.എ/കെ.എൻ.ആർ/സി.8/779/ 2019/28-05-2019 | 5 |
| 2009-10 | കെ.എസ്.എ/കെ.എൻ.ആർ/സി.8/779/ 2019/28-05-2019 | 6 |
| 2010-11, 2011-12 | കെ.എസ്.എ/കെ.എൻ.ആർ/സി.8/779/ 2019/28-05-2019 | 5 |

| | | |
|---|---|---|
| 2012-13 | കെ.എസ്.എ/കെ.എൻ.ആർ/സി.8/779/2019/28-05-2019 | 10 |
| 2013-14,2014-15 | കെ.എസ്.എ/കെ.എൻ.ആർ/സി.8/779/2019/28-05-2019 | 5 |
| 2015-2016 | കെ.എസ്.എ/കെ.എൻ.ആർ/സി.8/779/2019/28-05-2019 | 7 |
| 2016-2017 | കെ.എസ്.എ/കെ.എൻ.ആർ/സി.8/779/2019/28-05-2019 | 23 |
| 2017-18 | കെ.എസ്.എ/കെ.എൻ.ആർ/സി.8/898/2019/21-08-2019 | 10 |
| 2018-19 | കെ.എസ്.എ/കെ.എൻ.ആർ/സി.8/2020/ 997 /28.12.2020 | 24 |
| 2019-20 | കെ.എസ്.എ/കെ.എൻ.ആർ/സി.8/1355/2021/ | 02 |

ഡെപ്യൂട്ടി ഡയറക്ടർ,

ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ.

**അനുബന്ധം-1**

**ഓഡിറ്റ് സാക്ഷ്യപത്രം**

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2020-2021 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ കണ്ണൂർ ജില്ലയിലെ തൃപ്രങ്ങോട്ടൂർ ഗ്രാമപഞ്ചായത്തിന്റെ 2020-2021-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ,
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

കണ്ണൂർ ജില്ലയിലെ തൃപ്രങ്ങോട്ടൂർ ഗ്രാമപഞ്ചായത്തിന്റെ 2020-2021 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ,
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

# അനുബന്ധം -3-1

## RECEIPT & PAYMENT STATEMENT

| Thripangottoor Grama Panchayat<br>RECEIPT & PAYMENTSTATEMENT | | | |
|---|---|---|---|
| For the period from 01-April-2020 to 31-March-2021 | | | |
| Code.No | Description of Items | Schedule No | Amount |
| | **RECEIPTS** | | |
| | **Opening Balance** | | |
| Bank | Bank | RP-40(a) | 33272637.00 |
| Cash | Cash | RP-40(a) | 0.0 |
| | **Operating** | | |
| 110000000 | Tax Revenue | RP-1 | 958770.00 |
| 130000000 | Rental income from Panchayat Properties | RP-3 | 2000.00 |
| 140000000 | Fees & User Charges | RP-4 | 596737.00 |
| 150000000 | Sale & Hire Charges | RP-5 | 35696.00 |
| 160000000 | Revenue Grants, Funds, Contributions & Compensations | RP-7 | 45171675.00 |
| 171000000 | Interest Earned | RP-9 | 353735.00 |
| 320000000 | Grants, Funds & Contributions for Specific Purposes | RP-31 | 6052189.00 |
| 350000000 | Other Liabilities | RP-36 | 310453.00 |
| | **Non Operating** | | |
| 311000000 | Earmarked Funds | RP-29 | 6993.00 |
| 340000000 | Deposits Received | RP-34 | 152051.00 |
| 350000000 | Other Liabilities | RP-36 | 301295.00 |
| 431000000 | Sundry Debtors (Receivables) | RP-43 | 4705206.00 |
| | **Grand total** | | **91919437.00** |
| | **PAYMENTS** | | |
| | **Operating** | | |
| 210000000 | Establishment Expenses | RP-11 | 2001051.00 |
| 220000000 | Administrative Expenses | RP-12 | 949188.00 |
| 230000000 | Operations & Maintenance | RP-13 | 2089016.00 |
| 250000000 | Decentralised Plan Programme- Productive Sector | RP-15 | 4474513.00 |
| 251000000 | Decentralised Plan Programme- Service Sector | RP-16 | 12354918.00 |

| | | | |
|---|---|---|---|
| 252000000 | Decentralised Plan Programme- Infrastructure Sector | RP-17 | 1348059.00 |
| 253000000 | Decentralised Plan Programme- Projects not included in Sector Division | RP-18 | 1329834.00 |
| 254000000 | Expenditures of Transferred institutions and State Sponsored Schemes | RP-19 | 232000.00 |
| 255000000 | Maintenance Projects | RP-20 | 7968208.00 |

## അനുബന്ധം -3-2

## INCOME&EXPENDITURESTATEMENT

| Thripangottoor Grama Panchayat<br>INCOME & EXPENDITURE STATEMENT | | | |
|---|---|---|---|
| For the period from 01-April-2020to31March-2021 | | | |
| Code.No | Description of Items | Schedule No | Amount |
| | **INCOME** | | |
| 110000000 | Tax Revenue | I-1 | 5744234.00 |
| 130000000 | Rental Income from Panchayat / Municipal Properties | I-3 | 442724.00 |
| 140000000 | Fee & User Charges | I-4(b) | 827537.00 |
| 150000000 | Sale & Hire Charges | I-5(b) | 36556.00 |
| 160000000 | Revenue Grants, Funds, Contributions & Compensations / Subsidies | I-6 | 172776024.00 |
| 170000000 | Income from Investments | I-7 | 129857.00 |
| 171000000 | Interest Earned | I-8 | 353735.00 |
| | **Total Income** | | **180310667.00** |
| | **EXPENDITURE** | | |
| 210000000 | Establishment Expenses | I-10(b) | 9950217.00 |
| 220000000 | Administrative Expenses | I-11(b) | 949188.00 |
| 230000000 | Operations & Maintenance | I-12(b) | 2089016.00 |
| 240000000 | Interest & Finance Charges | I-13 | 2995.00 |
| 250000000 | Decentralised Plan Programme- Productive Sector / Programme Expenses | I-14 | 4554513.00 |
| 251000000 | Decentralised Plan Programme-Service Sector | I-14(a) | 72048697.00 |
| 252000000 | Decentralised Plan Programme-Infrastructure Sector | I-14(b) | 1348059.00 |
| 253000000 | Decentralised Plan Programme-Projects | I-14(c) | 1329834.00 |

| | | | |
|---|---|---|---|
| | not included in Sector Division | | |
| 254000000 | Expenditures of Transfered Institutions and State Sponsored Schemes (not included under Decentralized Plan Programme) | I-14(d) | 63245900.00 |
| 255000000 | Maintenance Projects | I-14(e) | 7968208.00 |
| 260000000 | Grants, Contributions & Compensation from Own Fund / Subsidies | I-15 | 421914.00 |
| 270000000 | Provisions and Write off | I-16 | 73454.00 |
| 272000000 | Depreciation | I-17(a) | 9313828.00 |
| | **Total Expenditure** | | **173295823.00** |
| | **Gross Surplus/ Deficit of income over Expenditure** | | **7014844.00** |
| 280000000 | Prior Period Item | I-18 | -1969202.00 |
| | **Gross Surplus/Deficit of Income over Expenditure after prior period items.** | | **8984046.00** |
| 290000000 | Transfer to Reserve Funds | I-18(a) | 0.0 |

## അനുബന്ധം -3-3

## BALANCE SHEET

| Thripprangottoor Grama Panchayat<br>BALANCE SHEET As on 31 March-2021 | | | |
|---|---|---|---|
| Code.No | Description of Items | Schedule No | Amount |
| | **LIABILITIES** | | |
| | **Reserve & Surplus** | | |
| 310000000 | Panchayat / Municipal Fund | B-1 | 19663965.70 |
| 311000000 | Earmarked Funds - Special Funds/Sinking Fund/Trust or Agency Fund | B-2 | 13518.00 |
| 312000000 | Reserves | B-3 | 40243436.00 |
| | **Total Reserve & Surplus** | | **59920919.70** |
| | **Grants, Contributions for Specific Purposes** | | |
| 320000000 | Grants, Funds & Contribution for Specific Purposes | B-4 | 6182838.00 |
| | **Total Grants, Contributions for Specific Purposes** | | **6182838.00** |
| | **Loans** | | |
| 330000000 | Secured Loans | B-5 | 6077307.00 |
| | **Total Loans** | | **6077307.00** |
| | **Current Liabilities & Provisions** | | |

| | | | |
|---|---|---|---|
| 340000000 | Deposits Received | B-7 | 1605346.00 |
| 350000000 | Other Liabilities | B-9 | 2424123.30 |
| | **Total Current Liabilities and Provisions** | | **4029469.30** |
| | **TOTAL LIABILITIES** | | **76210534.00** |
| | **ASSETS** | | |
| | **Fixed Assets** | | |
| 410000000 | Fixed Assets | B-11 | 82829860.00 |
| 411000000 | Accumulated Depreciation | B-11 | -50209484.00 |
| 412000000 | Capital Work in Progress | B-11(a) | 764280.00 |
| | **Total Fixed Assets** | | **33384656.00** |
| | **Investments** | | |
| 420000000 | Investments-General Fund | B-12 | 1871726.00 |
| | **Total Investments** | | **1871726.00** |
| | **Current Assets, Loans and Advances** | | |
| 430000000 | Stock-in-hand | B-14 | 0.0 |
| 431000000 | Sundry Debtors (Receivables) | B-15 | 23729774.00 |
| 440000000 | Pre-paid Expenses | B-16 | 0.0 |
| 450000000 | Cash and Bank Balance | B-17 | 15346586.00 |

ഡെപ്യൂട്ടി ഡയറക്ടർ,
ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ.